# സ്കൂൾ ചരിത്രം

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്ക്, വള്ളിച്ചിറ വില്ലേജിൽപ്പെട്ട കരൂർ പഞ്ചായത്തിലെ കുടക്കച്ചിറ ഗ്രാമത്തിലാണ് സെന്റ് ജോസഫ്സ് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്. വലവൂർ, ഇടനാട്, കുറിച്ചിത്താനം തുടങ്ങിയ സമീപ പ്രദേശങ്ങളിലും, കുടക്കച്ചിറയിലുമുള്ള സാധാരണക്കാരായ കർഷകകുടുംബ ങ്ങളിലെ കുട്ടികളുടെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി 1948-ൽ ആദരണീയനായ ഫാ. ജോസഫ് മണക്കാട്ടിന്റെ പ്രയത്നത്താൽ അപ്പർ പ്രൈമറി സ്കൂൾ സ്ഥാപിതമായി. 1982-ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. നിശ്ചയദാർഢ്യവും ദീർഘവീക്ഷണവും കൈമുതലായിരുന്ന ഫാ. ജോസഫ് ഇഞ്ചിപ്പറമ്പിൽ സ്കൂൾ നിർമ്മാണത്തിന് തുടക്കമിട്ടതും, ഫാ. ഫിലിപ്പ് കൊട്ടുകാപ്പള്ളിയുടെ അർപ്പണ മനോഭാവത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതും ഈ നാടിന്റെ തന്നെ നേട്ടമായി മാറി.

ശ്രീ. പി.ജെ. ജോസഫ് പാലാത്തൊടുകയിൽ പ്രഥമ ഹെഡ്മാസ്റ്ററായി. സ്കൂളിന്റെ ബാലാരിഷ്ടതകളിൽ പള്ളിയും പൊതുജനങ്ങളും സംരക്ഷിക്കുകയും ദീർഘവീക്ഷണത്തോടെ കർമ്മോത്മുഖമായി നിരവധി പദ്ധതികൾ ഏർപ്പെടുത്തു കയും ചെയ്തു.

പാഠ്യപാഠ്യേതരമേഖലകളിൽ വിജയത്തിന്റെ വെന്നിക്കൊടി പാറിക്കുവാൻ അർപ്പണമനോഭാവത്തോടെ ധീരമായ നേതൃത്വം നൽകുന്ന ദീർഘദർശിയായ റവ.ഫാ. തോമസ് മഠത്തിപ്പാറമ്പിലാണ് ഇപ്പോഴത്തെ സ്കൂൾ മാനേജർ.

# നിലവിലുള്ള അവസ്ഥാ വിശകലനം

**- അക്കാദമികം - നേട്ടങ്ങൾ**

തുടർച്ചയായി 100% വിജയം 5-ാം സ്റ്റാൻഡേർഡ് മുതൽ എല്ലാ ക്ലാസ്സിലും ഉയർന്ന സ്കോർ, സയൻസ് ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, തുടങ്ങിയവ കാര്യക്ഷമമായ പ്രവർത്തനങ്ങൾ എന്നിവ എടുത്തുപറയേണ്ടിയിരിക്കുന്നു. എൻ.എം.എം. എസ്. സ്കോളർഷിപ്പ്, inspire award, guiding, scout, Redcross, USS, Little Kites, ശ്രദ്ധ നവപ്രഭ, വിദ്യാരംഗം, വിവിധ ക്ലബ്ബുകൾ എന്നിവ സജീവമായി പ്രവർത്തിക്കുന്നു. കുടക്കച്ചിറ കൈരളീ വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സമൂഹത്തിലെ ഉന്നത വ്യക്തിത്വങ്ങളുടെ ക്ലാസ്സുകൾ, അനുഭവക്കുറിപ്പുകൾ, കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ കലാശില്പശാലകൾ, പ്രസംഗപരിശീലനം, കുട്ടികളുടെ മെച്ചപ്പെട്ട സർഗാത്മിക ശേഷികൾ പ്രകടിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള വേദികൾ, ലൈബ്രറി പ്രവർത്തനങ്ങൾ, കൈയെഴുത്തു മാസികകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

പത്രവാർത്ത അവതരണം, ലേഖനം, ലൈബ്രറി പുസ്തക നിരൂപണം എന്നിവയ്ക്ക് പ്രോത്സാഹനവും സമ്മാനങ്ങളും നല്കുന്നു.

ഓരോ മാസവും യൂണിറ്റ് ടെസ്റ്റ് നടത്തി പി.ടി.എ. വിളിച്ചുകൂട്ടി കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുകയും പരിഹാരമാർഗ്ഗങ്ങൾ ചർച്ച ചെയ്ത് റമെഡിയൽ ടീച്ചിംഗ് നല്കുകയും ചെയ്യുന്നത് പഠനനിലവാരത്തെ മെച്ചപ്പെടുത്തുന്നു.

ശാസ്ത്ര, ഗണിത, സാമൂഹ്യ പ്രവൃത്തിപരിചയ, ഐ.റ്റി., മേഖലകളിൽ സജീവപങ്കാളിത്തവും മികച്ച നേട്ടവും ഉറപ്പുവരുത്തുന്നു. കലാകായിക മത്സരങ്ങളിലും സബ്ജില്ലാ സംസ്ഥാനതലങ്ങളിലും മികച്ച വിജയം നേടിവരുന്നു.

## പൊതുലക്ഷ്യങ്ങൾ

വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക, പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ ഉന്നതനിലവാരം പുലർത്തുക, കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക, സാമൂഹിക അവബോധവും പൗരബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കുക, ശുചിത്വവും ആരോഗ്യവുമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുക, മാനുഷിക മൂല്യങ്ങളിൽ അധിഷ്ഠിതമായ ജീവിതക്രമം രൂപപ്പെടുത്തുക, ഭിന്നശേഷിക്കാരായ കുട്ടികളെ പരിഗണിക്കുക, ശിശുസൗഹൃദ വിദ്യാലയം, ഹരിത വിദ്യാലയം, ലഹരി, ലൈംഗിക അരാജകത്വം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായ ബോധ്യങ്ങൾ ഉള്ള ഒരു സമൂഹത്തെ രൂപപ്പെടുത്തുക, എന്നിവ പ്രാഥമിക ലക്ഷ്യങ്ങളിൽപ്പെടുന്നു.

കായികരംഗത്ത് മെച്ചപ്പെട്ട മുന്നേറ്റം, കലാരംഗത്ത് ഉന്നത നിലവാരം, എസ്.എസ്.എൽ.സി. പരീക്ഷയിൽ സമ്പൂർണ്ണ വിജയവും കൂടുതൽ എ-പ്ലസുകളും, യു.എസ്.എസ്., എൻ.എം.എം.എസ്, എം.റ്റി.എസ്.ഇ. ഇൻസ്പെയർ അവാർഡ്, വിവിധ സ്കോളർഷിപ്പുകൾ, ടാലന്റ് സേർച്ച് എക്സാമിനേഷൻസ് ഇവയിൽ സജീവമായ കുട്ടികളുടെ പങ്കാളിത്തവും വിജയവും ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള വ്യത്യസ്ത ബോധനരീതികളും പദ്ധതികളും കുടുംബങ്ങളിൽ വിവിധ പ്രശ്നങ്ങളെ നേരിടുന്ന കുട്ടികൾക്കുള്ള കൃത്യതയാർന്ന കൗൺസിലിംഗും കൈത്താങ്ങും നൽകുക, കലാകായിക പ്രവൃത്തി പരിചയ മേഖലകളിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി ചിട്ടയായ പരിശീലനം, സാമൂഹിക പ്രതിബദ്ധതയുള്ള പ്രോജക്ടുകൾ തയ്യാറാക്കി പൊതുജനങ്ങളുടെയും പി.ടി.എ.യുടെയും പങ്കാളിത്തത്തോടെ നടപ്പാക്കൽ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുകയും പഠനോപകരണങ്ങൾ നല്കുകയും ചെയ്യുക, കൃഷിയിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി, ആവശ്യമായ നിർദ്ദേശങ്ങൾ നല്കി, സമ്പൂർണ്ണമായ ജൈവകൃഷിയിൽ അധിഷ്ഠിതമായ പച്ചക്കറി, ഫലവർഗ്ഗങ്ങൾ, കിഴങ്ങുവിളകൾ, പൂന്തോട്ട നിർമ്മാണം ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് തുടങ്ങിയവയുടെ പരിശീലനം, പി.ടി.എ.യുടെ സഹകരണത്തോടെ പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കൽ, രുചികരവും പോഷകസമൃദ്ധവുമായ ഉച്ചഭക്ഷണ പദ്ധതി കരിയർ ഗൈഡൻസ്, പ്രതിഭകളെ ആദരിയ്ക്കൽ, കൃഷിവകുപ്പിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സഹായത്തോടെ ജൈവ പച്ചക്കറികൃഷിയും പൂന്തോട്ട നിർമ്മാണവും സ്കൂളിന്റെ അടിസ്ഥാന വികസനപ്രവർത്തനങ്ങളും നടത്തുക, എന്നിങ്ങനെയുള്ള പൊതുലക്ഷ്യങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള വിദ്യാഭ്യാസപരിപാടികളാണ് സ്കൂളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

# പ്രാഥമിക വിവരം

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | സെന്റ് ജോസഫ്സ് എച്ച്.എസ്. കുടക്കച്ചിറ |
| ഫോൺ നമ്പർ | : | 9447036807 |
| വാർഡിന്റെ നമ്പർ | : | 15 |
| പഞ്ചായത്ത് | : | കരൂർ |
| ബ്ലോക്ക് | : | ളാലം |
| വിദ്യാഭ്യാസ ജില്ല | : | പാലാ |
| വിദ്യാഭ്യാസ ഉപജില്ല | : | രാമപുരം |
| താലൂക്ക് | : | മീനച്ചിൽ |
| ഹെഡ്മാസ്റ്ററിന്റെ പേര് | : | ശ്രീ. ജോസ് ജേക്കബ് |
| ഫോൺ നമ്പർ | : | 9447036807 |

## സ്കൂളിന്റെ നിലവിലുള്ള അവസ്ഥ

| വർഷം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 2024 - 2025 | 117 | 99 | 216 |
| 2025 - 2026 | 109 | 93 | 202 |

## 2025 - 2026-ലെ കുട്ടികളുടെ സ്ഥിതിവിവരകണക്ക്

| കാറ്റഗറി | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| CWSN | 5 | | 5 |
| BPL | 49 | 45 | 94 |
| SC | 9 | 13 | 22 |
| ST | 5 | 1 | 6 |

**അധ്യാപകരുടെ എണ്ണം**

| | | |
|---|---|---|
| യു.പി. | : | 3 |
| എച്ച്.എസ്. | : | 7 |
| സ്ഥിരം | : | 3+7 |
| താല്ക്കാലികം | : | |
| കഴിഞ്ഞ 3 വർഷമായി ജോലി ചെയ്യുന്ന അധ്യാപകരുടെ എണ്ണം | : | 10 |
| അനധ്യാപകരുടെ എണ്ണം | : | 3+1 |

## നാഴികക്കല്ലുകൾ – കൈവരിച്ച നേട്ടങ്ങൾ

വർഷങ്ങളായി ഈ സ്കൂൾ 100% വിജയം എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് നേടിയിട്ടുണ്ട്. ഫുൾ എ പ്ലസ് കിട്ടുന്ന കുട്ടികളുടെ എണ്ണം ഓരോ വർഷവും കൂടിവരുന്നു. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി യു.എസ്.എസ്., എൽ.എം. എം.എസ്. സ്കോളർഷിപ്പുകൾക്ക് കുട്ടികൾ അർഹരായിട്ടുണ്ട്. വിദ്യാരംഗം, കലാസാഹിത്യ വേദി പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം പുലർത്തുന്നു. സയൻസ്, സോഷ്യൽ, ഗണിത, പ്രവർത്തിപരിചയ ഐ.റ്റി. മേളകളിൽ മികച്ച പ്രകടനം കാഴ്ച വച്ചിട്ടുണ്ട്.

സുസജ്ജമായ കമ്പ്യൂട്ടർ ലാബ്, ഗേൾസ് ഫ്രണ്ടലി ടോയ്‌ലറ്റ്, റീഡിംഗ് റൂം, സയൻസ് ലാബ് എന്നിവ പരിഷ്ക്കരിച്ചു. കുട്ടികൾക്കായി സ്കൂൾ ലൈബ്രറി കൂടാതെ കുടക്കച്ചിറ കൈരളി വിജ്ഞാനകേന്ദ്രത്തിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന വായനക്കളരി സജീവമാണ്.

ഹരിതം ക്ലബിന്റെ നേതൃത്വത്തിൽ പച്ചക്കറി, കപ്പ,വാഴ, ചേമ്പ്, തുടങ്ങിയവ കൃഷിചെയ്തുവരുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനസഹായം നല്കുന്നതിനുപുറമേ സ്കൂളിലേയ്ക്ക് സുഗമമായി എത്തിച്ചേരുന്നതിനുള്ള വാഹന സൗകര്യവും ഒരുക്കിയിരിക്കുന്നു.

മലയാളം, ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രത്യേകമായി പഠനത്തിൽ മികവുപുലർത്തുന്നതവർക്ക് സമ്മാനങ്ങൾ നല്കി പ്രോത്സാഹിപ്പിക്കുന്നു.

സ്പോക്കൺ ഇംഗ്ലീഷ്, വാദ്യോപകരണങ്ങൾ, സംഗീതം, തുടങ്ങിയവയ്ക്ക് പ്രത്യേക പരിശീലനം നല്കിവരുന്നു.

വെക്കേഷൻ കാലത്ത് പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണത്തോടെ ആരംഭിച്ച ഫുട്ബോൾ പരിശീലനം സബ്ജില്ലാതലത്തിൽ ഒന്നാം സ്ഥാനത്തെത്തിനില്ക്കുന്നു എന്നത് അഭിമാനകരമാണ്.

# സ്കൂളിന്റെ തനതു പ്രവർത്തനങ്ങൾ

**കെയർ**

കുട്ടികളെ, വീടിനെ, മാതാപിതാക്കളെ, സാഹചര്യങ്ങളെ അറിഞ്ഞ് അംഗീകരിക്കുവാൻ പ്രചോദിപ്പിക്കാൻ കെയർ പദ്ധതി, ഭവന സന്ദർശനം, മാതാപിതാക്കന്മാരുമായുള്ള സൗഹൃദം, കുട്ടികളുടെ പഠനനിലവാരം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയിൽ പ്രോത്സാഹനം നൽകികൊണ്ട് കുട്ടികളെ മെച്ചപ്പെടുത്താനും പ്രാപ്തരാക്കാനും കഴിയുന്ന ദീർഘവീക്ഷണത്തോടെയുള്ള പദ്ധതി.

**കൈത്താങ്ങ്**

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് രാവിലെയും വൈകുന്നേരവും കൂടുതൽ സമയം കണ്ടെത്തി പഠനത്തിൽ മുൻനിരയിലെത്തിക്കുന്നു. ഇവർക്കുവേണ്ടി നവപ്രഭ(ക്ലാസ് 9) മലയാളത്തിളക്കം (യു.പി.) ശ്രദ്ധ (യു.പി.-8) ന്യാമാത്ത്സ് (ക്ലാസ് 6) തുടങ്ങി പ്രത്യേക ക്ലാസ്സുകൾ നടത്തുന്നു.

10-ാം ക്ലാസ്സിലെ കുട്ടികളുടെ പാഠങ്ങൾ ഡിസംബർ മാസത്തോടെ തീർത്ത് റിവിഷൻ ടൈംടേബിളും മോഡലുകളും നടത്തി കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നു.

**സ്കൂൾ അസംബ്ലി**

ആഴ്ചയിൽ രണ്ടുദിവസം നടത്താറുണ്ട്. കുട്ടികളിൽ അച്ചടക്കവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്ന തരത്തിലാണ് അസംബ്ലി വിഭാവനം ചെയ്തിരിക്കുന്നത്. ദിനാചരണങ്ങൾ, യോഗ, വാർത്തകൾ, മഹാന്മാരുടെ അനുസ്മരണം, കവിതാ പാരായണം, ചിന്താസൂക്തങ്ങൾ, പ്രധാന അറിയിപ്പുകൾ എന്നിങ്ങനെ ഹിന്ദി, മലയാളം, ഇംഗ്ലീഷ് ഭാഷകളിലായി അസംബ്ലി നടത്തുന്നു. കൂടാതെ ഗണിതം, സയൻസ്, സോഷ്യൽ സ്റ്റഡീസ് തുടങ്ങിയ വിഷയങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടും അസംബ്ലി നടത്തുന്നത് കുട്ടികൾക്ക് ജീവിതത്തിലെ മാഞ്ഞുപോകാത്ത ഓർമ്മപ്പെടുത്തലുകളായി മാറുന്നു. ഒരിക്കലും മറന്നുപോകാത്ത പാഠങ്ങളും.

**യുവജനോത്സവങ്ങൾ - കായികമേളകൾ**

എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ നടത്തി വിജയികളെ കണ്ടെത്തി ജില്ലാതലത്തിലേക്ക് മികച്ച പരിശീലനം നൽകുന്നു. കലാകായിക രംഗത്ത് കുട്ടികൾ മികവും പുലർത്തുന്നുണ്ടെങ്കിലും സ്ഥിരമായ പരിശീലനം നൽകാൻ കഴിയാത്തതും ഈ രംഗത്തെ ന്യൂനതയാണ്.

കലാരംഗങ്ങളിൽ മികവു പുലർത്തുന്നവരെ കണ്ടെത്തി സർക്കാർ പുതുതലമുറയ്ക്ക് പ്രോത്സാഹനം നൽകുന്നത് ഈ രംഗത്ത് പ്രചോദനമാകും.

**വിദ്യാലയം-മാതാപിതാക്കൾ-സമൂഹം**

സ്കൂളിന്റെ സർവ്വതോന്മുഖ പുരോഗതിക്കുവേണ്ടി ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നു. ഓണം, ക്രിസ്തുമസ്, വാർഷികം തുടങ്ങിയ ആഘോഷവേളകളിൽ ഒരുമിച്ച് കൂടുകയും ആഹ്ലാദം പങ്കിടുകയും ചെയ്യുന്നു.

**അദ്ധ്യാപന പരിശീലനം**

മധ്യവേനലവധിക്കാലത്തും തുടർന്ന് വർഷം മുഴുവനും നീണ്ടുനിൽകുന്ന സമഗ്ര അദ്ധ്യാപക പരിശീലന പരിപാടിയിൽ ഈ സ്കൂളിലെ എല്ലാ അധ്യാപകരും പങ്കെടുത്ത് തങ്ങളുടെ അധ്യാപനത്തെ മികവുറ്റതാക്കുന്നതിൽ ശ്രദ്ധിക്കുന്നു.

**പിയർ ടീച്ചിംഗ്**

ഓരോ ക്ലാസ്സിലും വിഷയങ്ങൾക്ക് മികവു പുലർത്തുന്ന കുട്ടികളെ കണ്ടെത്തി രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നത് കുട്ടികളുടെ മികവിനെ മെച്ചപ്പെടുത്തുന്നു.

**കൈയെഴുത്തു മാസിക**

വിദ്യാരംഗത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 21 മാതൃഭാഷാദിനത്തോടനുബന്ധിച്ച് എല്ലാ കുട്ടികളും സ്വന്തമായി കൈയെഴുത്തുമാസിക തയ്യാറാക്കുന്നു. കൂടാതെ ഗണിതം, സയൻസ് തുടങ്ങിയ വിഷയങ്ങളിൽ കൈയെഴുത്തു മാസികയ്ക്കുള്ള പുരസ്ക്കാരം വർഷങ്ങളായി നേടിക്കൊണ്ടിരിക്കുന്നു.

**ആരോഗ്യം**

സ്കൂളിലെ കുട്ടികളുടെ പരിരക്ഷയ്ക്കുവേണ്ടി കരൂർ പഞ്ചായത്തിലെ പി.എച്ച്.സി.യിൽ നിന്നുള്ള സേവനങ്ങൾ ലഭ്യമാണ്. കുട്ടികൾക്കുവേണ്ട പ്രതിരോധ കുത്തിവയ്പ്പുകൾ, മരുന്നു വിതരണം, ആരോഗ്യ പരിരക്ഷാ ക്ലാസ്സുകൾ, ശുചിത്വ പരിപാലനം എന്നിവ തുടർന്നുകൊണ്ടിരിക്കുന്നു.

**ഉപകരണസംഗീത പരിശീലനം**

കുട്ടികളുടെ കലാഭിചുരികൾ തിരിച്ചറിഞ്ഞ് അവരെ വിവിധ സംഗീതോപോകരണങ്ങൾ പരിശീലിപ്പിക്കുന്നു.

**ഫുട്ബോൾ പരിശീലനം**

വെക്കേഷൻ കാലത്ത് പൂർവ്വവിദ്യാർത്ഥികളുടെ സഹകരണത്തോടെ ആരംഭിച്ച പരിശീലനം തുടരുന്നു.

**സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ**

ഇംഗ്ലീഷ് ഭാഷ ആയാസരഹിതമാക്കുന്നതിനുവേണ്ടി ആഴ്ചയിൽ ഒരുദിവസം ഇംഗ്ലീഷ് അധ്യാപകരുടെ നേതൃത്വത്തിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ നടത്തുന്നു.

**ലൈബ്രറി**

സ്കൂളിന്റെ ബോബി പോൾ ഫൗണ്ടേഷൻ ലൈബ്രറിയും കൂടാതെ കൈരളി വിജ്ഞാനകേന്ദ്രം കുടക്കച്ചിറ സ്പോൺസർ ചെയ്യുന്ന വായനശാലയും കുട്ടികളുടെ അറിവിനെ വികസിപ്പിക്കുന്നു.

**ഹരിതസേന**

കാർഷിക സ്വയം പര്യാപ്തതയുടെ സന്ദേശം പകർന്നു നൽകുന്നു. കുട്ടിക ളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നു.

**വിദ്യാരംഗം കലാസാഹിത്യവേദി**

പരിസ്ഥിതി സ്നേഹം ശുചിത്വബോധം, സ്കൂളിലും വീട്ടിലും ലക്ഷ്യപ്രാപ്തിക്കായി ശുചിത്വക്ലബ്ബുകൾ.

സേവനം, സൗഹൃദം, സാഹോദര്യം തുടങ്ങിയ മാനവിക മൂല്യങ്ങൾ കുട്ടികളിൽ ഊട്ടിയുറപ്പിക്കുന്ന റെഡ്ക്രോസ്.

വിശ്വസാഹോദര്യത്തിലൂടെ ഉത്തമ പൗരന്മാരെ സൃഷ്ടിക്കുന്ന ഗൈഡിംഗ്

ശാസ്ത്രാവബോധം സൃഷ്ടിക്കുന്ന ശാസ്ത്രക്ലബ്

ഗണിത ശാസ്ത്ര ക്ലബ്ബ്

സാമൂഹ്യശാസ്ത്ര ക്ലബ്

പ്രവൃത്തി പരിചയ ക്ലബ്

ഐ.ടി. ക്ലബ്

# പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥി സംഘടനകൾ

രാഷ്ട്രീയ നഭോരംഗത്ത് പ്രസിദ്ധനായ ശ്രീ. ഫിലിപ്പ് കുഴികുളം ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയാണ്. അദ്ദേഹം സ്കൂളിന്റെ സാംസ്കാരികവും സാമൂഹികവുമായ പുരോഗതിയിൽ പ്രധാന പങ്ക് വഹിക്കുന്നു.

വ്യവസായ പ്രമുഖനായ ശ്രീ. ഡേവിഡ് ലൂക്ക് കൊല്ലാനിയ്ക്കൽ സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം നൽകിവരുന്നു. ഉദാ. സ്മാർട്ട് ക്ലാസ് റൂം, ടൈലിംഗ് മുതലായവ.

മികച്ച പ്രാസംഗികൻ പരേതനായ ശ്രീ ബോബി പോൾ വള്ളോപ്പിള്ളി ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയാണ്. അദ്ദേഹത്തിന്റെ സ്മരണാർത്ഥം കുടുംബാംഗ ങ്ങൾ ഏർപ്പെടുത്തിയ ബോബി പോൾ ഫൗണ്ടേഷൻ ലൈബ്രറി സ്കൂളിന്റെ നാഴികക്കല്ലുകളിൽ ഒന്നാണ്. കൂടാതെ കൈരളീ വിജ്ഞാനകേന്ദ്രം കുടക്കച്ചിറ സ്പോൺസർ ചെയ്യുന്ന പുസ്തകശേഖരം വായനയുടെ ലോകത്തെ പരിപോഷിപ്പി ക്കുന്നു.

പൂർവ്വ വിദ്യാർത്ഥികളുടെയും അഭ്യുദയകാംക്ഷികളുടെയും കൈത്താങ്ങ് വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയിലേക്ക് നയിക്കുന്നു. ലൈബ്രറി നവീകരണം, ലാബ് സജ്ജീകരണം, യു.പി. ഹാൾ ടൈലിംങ് ഇങ്ങനെ എണ്ണിയാൽ തീരാത്ത സഹകരണത്തിന് പുതുതലമുറ എന്നും പൂർവ്വ വിദ്യാർത്ഥികളോട് കടപ്പെട്ടിരിക്കുന്നു. ഫുട്ബോൾ പരിശീലനരംഗത്തും പൂർവ്വ വിദ്യാർത്ഥികളുടെ പങ്ക് സ്മരണീയമാണ്. സാഹിത്യകാരനും വാഗ്മീയുമായ ശ്രീ. ജോർജ്ജ് പുളിങ്കാട് ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും അധ്യാപകനും പ്രഥമാദ്ധ്യാപകനും ആയിരുന്നു എന്നത് സ്കൂളിന്റെ സ്വകാര്യ അഭിമാനമാണ്.

# ഹിന്ദി യു.പി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| - സ്വതന്ത്ര വായന<br>- കവിതാസ്വാദനം<br>- പ്രസംഗം<br>- കഥാ രചന<br>- ലേഖനം<br>- പത്രവാർത്ത<br>- കവിതാലാപനം<br>- അസംബ്ലി ഹിന്ദിയിൽ നടത്തുക<br>- എഴുത്ത് പരിശീലനം<br>- ഭാഷ ആർജ്ജിക്കാൻ വാർത്തകൾ, ഗ്രാമർ ഇവയെല്ലാം ഐ.സി.റ്റി. ഉപയോഗിച്ച് | - കഥാ പുസ്തകങ്ങൾ വായന<br>- ഐ.സി.റ്റി. മുഖേന പാഠഭാഗങ്ങളുടെ അവതരണം സ്ഥലങ്ങൾ പാഠങ്ങളുമായുള്ളബന്ധപ്പെട്ട സ്ഥലങ്ങൾ<br>- കൈയെഴുത്ത് മാസിക<br>- ലേഖനങ്ങൾ എഴുതാൻ പരിശീലനം<br>- കലോത്സവത്തിന് കഥ, കവിത, ലേഖന മത്സങ്ങളിൽ പങ്കെടുപ്പിക്കുക<br>ഹിന്ദി സിനിമ, കാർട്ടൂൺ കാണാൻ അവസരം<br>- ഹിന്ദിവാർത്തകൾ കേൾക്കാനും കാണാനും അവസരം<br>- ഹിന്ദി ലേഖകരുടെ വീഡിയോ<br>- ഹിന്ദി അസംബ്ലി<br>- ക്വിസ് പ്രോഗ്രാം. | 1 വർഷം<br>- ഭാഷാ ആർജ്ജിക്കാൻ<br>- 5 വർഷം കൊണ്ട്<br>- ലേഖനങ്ങൾ<br>- ഗ്രാമറുകൾ<br>- രചനകൾ | ഹിന്ദി ടീച്ചർ<br>ഹിന്ദി ക്ലബ്<br>ഹിന്ദി ക്ലബ്<br>ഹിന്ദി ടീച്ചർ<br>ഹിന്ദി ടീച്ചർ<br>ഹിന്ദി ടീച്ചർ | അധ്യാപകർ<br>രക്ഷകർത്താക്കൾ<br>സുഹൃത്തുക്കൾ<br>രക്ഷകർത്താക്കൾ |

# ഹിന്ദി യു.പി.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം /പിന്തുണ |
|---|---|---|---|---|
| ഹിന്ദി ആയാസരഹിതമാക്കുന്നതിന് തെറ്റില്ലാതെ വായിക്കുന്നതിന് | അക്ഷര പരിചയത്തിലൂടെ – അക്ഷരങ്ങൾ ഉറപ്പിക്കുന്നു. ഉച്ചാരണം വ്യക്തമാക്കുന്നു. കൂടുതൽ വായിപ്പിക്കുന്നു.<br>ചെറിയ കഥകൾ – ചിത്രങ്ങളിലൂടെ വായിക്കാൻ പഠിക്കുന്നു. | 3 മാസം | ഹിന്ദി ടീച്ചർ | പി.റ്റി.എ. |
| തെറ്റില്ലാതെ എഴുതാൻ പഠിപ്പിക്കുന്നു | വായിച്ച കഥകൾ, കവിതകൾ മാതൃഭാഷയിലേക്ക് തർജ്ജിമചെയ്യുന്നു. ഐ.സി.റ്റി. സാധ്യത കൂടുതൽ പ്രയോജനപ്പെടുത്തുന്നു.<br>ഹിന്ദി സിനിമ കാണുന്നു.<br>പാഠഭാഗം ലളിതവും ആകർഷകവുമാക്കുന്നു | 6 മാസം | ഹിന്ദി ടീച്ചർ | പി.റ്റി.എ. |
| രാഷ്ട്രഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് | അസംബ്ലി<br>ഹിന്ദിക്ലാസ്സിൽ ഹിന്ദി ഉപയോഗിക്കുന്നു.<br>അനുദിന ജീവിതത്തിനാവശ്യമായ ഹിന്ദിപദങ്ങൾ സ്വായത്തമാക്കുന്നതിന് | ആഴ്ചയിലൊരിക്കൽ<br>വർഷം മുഴുവൻ | ഹിന്ദി ക്ലബ്<br>ഹിന്ദി ടീച്ചർ | പി.റ്റി.എ. |

# V – VII മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം /പിന്തുണ |
|---|---|---|---|---|
| 1. സർഗ്ഗ ശേഷി വികസനം | – വായനക്കുറിപ്പ് തയ്യാറാക്കൽ<br>– സാഹിത്യ ക്വിസ്<br>– ശില്പശാല-കഥ, കവിത<br>– കവിതാലാപനം<br>– സ്കൂൾതല പത്രനിർമ്മാണം<br>– സാഹിത്യകാരനുമായി സംവാദം<br>– കൈരളി ക്ലബ്ബുമായി സഹകരിച്ച്<br>– വീടുകളിലേക്ക് അമ്മമാർക്ക് പുസ്തകം കൊടുത്തുവിടണം | വർഷത്തിൽ ഒരുതവണ<br>മാസത്തിൽ ഒരുതവണ<br>വർഷത്തിൽ ഒരുതവണ<br>ആഴ്ചയിൽ ഒരിക്കൽ | എസ്.ആർജി.<br>മലയാളം അധ്യാപിക<br>വിദ്യാരംഗം<br>വിദ്യാരംഗം<br>മലയാളം ടീച്ചർ<br>വിദ്യാരംഗം | പി.റ്റി.എ.<br>പി.ടി.എ.<br>15000<br>പി.ടി.എ. |
| ദിനാചരണങ്ങൾ | ജൂൺ – മാർച്ച് വരെ ദിനാചരണങ്ങൾ പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കൽ<br>– പ്രത്യേക അസംബ്ലി | ജൂൺ – മാർച്ച് | മലയാളം ടീച്ചർ<br>എസ്.ആർ.ജി. | |

# V – VII മലയാളം ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം | അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>പദ നിർമ്മാണം<br>വാക്യ നിർമ്മാണം<br>പിന്നോക്കം നിൽകുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് | 2 മാസം<br>1 വർഷക്കാലം<br>3 ആർ.ജി. | മലയാളം ടീച്ചർ<br>മലയാളം ടീച്ചർ | പി.ടി.എ<br>പി.ടി.എ |
| 2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | വായനാമൂല രൂപീകരിക്കുക<br>ക്ലാസ് ലൈബ്രറി ശാക്തികരണം<br>പുതുവർഷം പുസ്തകവർഷം<br>ക്ലാസ് നിലവാരമനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ | 6 മാസം<br>1 വർഷം | വിദ്യാരംഗം ഇൻചാർജ്ജ്<br>മലയാളം ടീച്ചർ | പി.ടി.എ |
| 3. പത്രവായന പരിപോഷിപ്പിക്കുക | പത്രവായന പരമാവധി<br>പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br>ഓരോ ക്ലാസ്സിനും ഓരോ പത്രം<br>രാവിലെ പ്രധാനവാർത്തകൾ അവതരണം, പത്രക്വിസ് | 3 മാസം<br>ദിവസേന<br>മാസത്തിൽ 1 ദിവസം | വിദ്യാരംഗം<br>എസ്.ആർ.ജി.<br>വിദ്യാരംഗം<br>മലയാളം ടീച്ചർ | പി.ടി.എ<br>പി.ടി.എ<br>15000 |

# V – VII English

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 1. ഇംഗ്ലീഷ് ഭാഷയെ സ്വായത്തമാക്കുന്നതിന് | ഇംഗ്ലീഷ് സ്പീക്കിംഗ് ഡേ<br>ഇംഗ്ലീഷ് ക്ലാസ്സുകളിൽ ഇംഗ്ലീഷ് മാത്രം<br>ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്<br>ഇംഗ്ലീഷ് സിനിമാ പ്രദർശനം<br>സ്കൂളിൽ അധികസമയം കണ്ടെത്തി<br>വ്യാകരണത്തിന് സ്പെഷ്യൽ ക്ലാസ്<br>കുട്ടികളുടെ രചനകൾ സ്കൂൾ വീക്കിലിയിൽ ചേർക്കൽ<br>ഇംഗ്ലീഷ് ക്ലബിന്റെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നു സെമിനാർ, ഡിബേറ്റ് പ്രസംഗം | ആഴ്ചയിൽ ദിവസം<br>എപ്പോഴും<br>എല്ലാ ദിവസവും<br>ആഴ്ചയിൽ 1 ദിവസം<br>ആഴ്ചയിൽ 2 ദിവസം<br>പ്രതിമാസം<br>ആഴ്ചയിൽ 1 | ഇംഗ്ലീഷ് ക്ലബ്<br>ഇംഗ്ലീഷ് ക്ലബ്<br>ഇംഗ്ലീഷ് ക്ലബ്<br>ഇംഗ്ലീഷ് ക്ലബ്<br>പി.ടി.എ.<br>ഇംഗ്ലീഷ് ക്ലബ്<br>ഇംഗ്ലീഷ് ക്ലബ് |
| 2. ഇംഗ്ലീഷ് ഭാഷയിലെ സർഗ്ഗാത്മകത | ഇംഗ്ലീഷിൽ കഥ, കവിത, ശില്പശാലകൾ പഠനഭാഗങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം | മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് ടീച്ചർ |
| 3. ഇംഗ്ലീഷ് അസംബ്ലി<br>അനായാസം എഴുതുന്നതിന്<br>സ്വതന്ത്ര രചന | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറിമാറി ഓരോ കാസ്സു ഏറ്റെടുക്കൽ<br>ഇംഗ്ലീഷ് ഡയറി<br>ഇംഗ്ലീഷ് പുസ്തകങ്ങൾ കഥ, കവിത, റിവ്യൂ/വയന കുറിപ്പ് തയ്യാറാക്കൽ<br>4 വരിയിൽ പകർത്തെഴുത്ത് | ആഴ്ചയിൽ 1 ദിവസം<br>എല്ലാ ദിവസവും<br>ആഴ്ചയിൽ ഒരു ദിവസം<br>എല്ലാ ദിവസവും | ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ |

# U.P. ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം /പിന്തുണ |
|---|---|---|---|
| ഗണിതം ഇഷ്ടപ്പെടുത്തൽ | സംഖ്യാബോധം, എണ്ണൽ സംഖ്യകൾ സ്ഥാനവില പോക്കറ്റ് | 2 മാസം | പി.ടി.എ.<br>ടി.ടി.സി. ടീച്ചേഴ്സ് |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>ഭിന്നസംഖ്യകൾ | കാർഡുകളി ഐ.സി.ടി. ഗ്രൂപ്പ് പ്രവർത്തനം | 3 മാസം | പി.ടി.എ.<br>ടി.ടി.സി. ടീച്ചേഴ്സ് |
| പലിശ അംശബന്ധം | നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>ബാങ്ക് സന്ദർശനം ഐ.സി.ടി. പ്രൊജക്ടുകൾ ഫീൽഡ് സെമിനാറുകൾ | 3 മാസം | പി.ടി.എ. |
| നിർമ്മിതികൾ<br>സമചതുരങ്ങളും<br>മട്ടത്രികോണങ്ങളും | നിർമ്മിതികളുമായി ബന്ധപ്പെടുത്തി വരകളും നിർമ്മിക്കലും | 2 മാസം | ബി.എഡ്<br>ടീച്ചേഴ്സ് |
| ദശാംശ സംഖ്യകൾ<br>ബീജഗണിതം | ദശാംശസംഖ്യകളെ ഭിന്നസംഖ്യകളുമായി ബന്ധിപ്പിക്കുന്നു, കാർഡുകളി, ചാർച്ച് - ബിജഗണിതം - സംഖ്യാചാർട്ട് | 3 മാസം | പേരൻസ് |

# U.P. സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| സോഷ്യൽ ലാബ് | അറ്റ്‌ലസ് നിർമ്മാണം<br>ഗ്ലോബ്<br>അക്ഷാംശം രേഖാംശം<br>സംസ്ഥാനങ്ങൾ പട്ടികപ്പെടുത്തൽ | 8 മാസം | സോഷ്യൽ സയൻസ് ക്ലബ് | ഭൂപടങ്ങൾ<br>കേരളം<br>ഇന്ത്യ | BRC<br>TTC Training<br>SRG |
| ഭൗതിക വൈവിധ്യം | അയൽ സംസ്ഥാനങ്ങൾ<br>ഭൂപടം ഗ്ലോബ്<br>കാലാവസ്ഥ, വാർത്തകൾ, ചിത്രങ്ങൾ | 6 മാസം | SRG, SS Club | ഭൂപടം<br>ഇന്ത്യ<br>കേരളം | HM<br>SRG<br>SS Trs |
| ദിനാചരണങ്ങൾ | ക്വിസ്<br>പ്രസംഗം 6 വർഷത്തേയ്ക്ക്<br>അധിവായന<br>ഐ.സി.ടി.<br>സെമിനാറുകൾ<br>സ്കിറ്റുകൾ | 12 മാസം | SRG<br>SSTrs. | | HM<br>SRG<br>SS Teachers |
| നവോത്ഥാന നായികനെ പരിചയപ്പെടൽ | പതിപ്പുനിർമ്മാണം<br>പ്രസ്ഥാനങ്ങൾ<br>പട്ടികപ്പെടുത്തൽ<br>ക്വിസ്, ഐ.സി.റ്റി. | 3 ആഴ്ച | SRG<br>Club | ഭൂപടങ്ങൾ<br>കേരളം<br>ഇന്ത്യ | HM<br>SRG<br>SS Trs |

# U.P. അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പഠന പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| ആൽബം തയ്യാറാക്കൽ<br>ഔഷധ സസ്യങ്ങൾ<br>സസ്യങ്ങളിലെ | വിവിധ ഔഷധ സസ്യങ്ങളുടെ ഇലകൾ, തണ്ടുകൾ, വേരുകൾ എന്നിവ ശേഖരിച്ച് ഉണക്കി | 6 മാസം | സയൻസ് അധ്യാപിക | ബയോളജി ടീച്ചർ<br>പി.ടി.എ. |
| ഇലകളുടെ ക്രമീകരണം<br><br>ജൈവ വൈവിധ്യ സംരക്ഷണം | ആൽബം തയ്യാറാക്കുന്നു<br>സസ്യഭാഗ്യങ്ങൾ ശേഖരിച്ച്<br>പേരെഴുതി ക്രമീകരിക്കുന്നു<br><br>സെമിനാർ പോസ്റ്റർ, നോട്ടീസ് നിർമ്മാണം | 3 മാസം | SRG<br>സയൻസ് അധ്യാപിക<br><br>സയൻസ് അധ്യാപിക | എച്ച്.എസ്. അധ്യാപകൻ<br>മുതിർന്ന കുട്ടികൾ<br>പി.ടി.എ.<br><br>ബയോളജി ടീച്ചർ<br>മുതിർന്ന കുട്ടികൾ |
| ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ | ബോധവൽക്കരണ ക്ലാസ്<br>ബോധവത്കരണം<br>രജിസ്റ്റർ തയ്യാറാക്കൽ | 5 വർഷം | | പി.ടി.എ. |
| പ്രാണികൾ, പക്ഷികൾ<br>മത്സ്യങ്ങൾ<br>ഉഭയജീവികൾ, ഉരഗങ്ങൾ<br>വർഗ്ഗീകരണം<br>പട്ടിക തയ്യാറാക്കൽ | പട്ടിക തയ്യാറാക്കൽ<br>ഫീൽഡ് ട്രീപ്പ്, പക്ഷിസങ്കേത സന്ദർശനം | 2 ആഴ്ച | സയൻസ് അധ്യാപിക | SRG<br>PTA |

# U.P. അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പഠന പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| ശാസ്ത്രത്തോടുള്ള ആഭിമുഖ്യം - നിത്യ ജീവിതത്തിൽ | മഴവിൽ നിറങ്ങൾ ചിത്രീകരണം നിരീക്ഷിക്കുന്നു | 1 ദിവസം | സയൻസ് അധ്യാപിക | SRG |
| | വർണ്ണപമ്പര നിർമ്മാണം<br>ലിറ്റ്മസ് പേപ്പർ നിർമ്മാണം<br>പരീക്ഷണങ്ങൾ ചെയ്യുന്നു | 5 ദിവസം | സയൻസ് അധ്യാപിക | സയൻസ് ടീച്ചർ<br>പി.ടി.എ. |
| മാതൃക നിർമ്മാണം | അഗ്നിശമിനി<br>വൃക്ക | 2 മാസം | സയൻസ് അധ്യാപിക | എച്ച്.എസ്. അധ്യാപകൻ മുതിർന്ന കുട്ടികൾ |
| വായനാക്കുറിപ്പ് | ആഹാരശീലങ്ങൾ<br>ശുചിത്വശീലങ്ങൾ | വർഷം മുഴുവനും | സയൻസ് അധ്യാപിക<br>സയൻസ് ക്ലബ് | ഹെൽത്ത് സെന്റർ<br>ബയോളജി ടീച്ചർ |

## U.P. അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പഠന പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| ലാബ് സന്ദർശനം | വിവിധതരം ദർപ്പണങ്ങൾ ലാബിൽ നിരീക്ഷിക്കുന്നു | രണ്ടാഴ്ച അധ്യാപിക | സയൻസ് | HS Teacher |
| ദർപ്പണം പരിചയപ്പെടുന്നു | ഗോളീയ ദർപ്പണങ്ങൾ പരിചയപ്പെടുന്നു<br>ആഡിഡുകളും ആൽക്കലികളും പരിചയപ്പെടുന്നു<br>പരീക്ഷണങ്ങൾ ചെയ്യുന്നു | ഒരാഴ്ച | സയൻസ് അധ്യാപിക | SRG<br>മുതിർന്ന കുട്ടികൾ<br>TTC പരിശീലകർ |
| ഉപകരണങ്ങൾ നിർമ്മിക്കുന്നു | ഹൈഡ്രജൻ നിർമ്മാണം<br>കാലിഡോസ്കോപ്പ്<br>പെരിസ്കോപ്പ് നിർമ്മാണം | 3 ആഴ്ച്ച | സയൻസ് അധ്യാപിക | മുതിർന്ന കുട്ടികൾ<br>SRG |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| നിഘണ്ടു നിർമ്മാണം | - പാഠഭാഗവുമായി ബന്ധപ്പെട്ട അപരിചിത പദങ്ങൾ കണ്ടെത്തൽ<br>- അർത്ഥം കണ്ടെത്തി ശേഖരണം<br>- അക്ഷരമാലാക്രമത്തിൽ വിന്യസനം<br>- ശബ്ദതാരാവലി നിർമ്മാണം | 2 വർഷം | മലയാളം അധ്യാപകർ<br>പാഠപുസ്തകം<br>വായനാ പുസ്തകങ്ങൾ<br>അപരിചിത പദങ്ങൾ | നിഘണ്ടു<br>അദ്ധ്യാപകർ<br>പി.ടി.എ.<br>എം.പി.ടി.എ. |
| പാഠഭാഗങ്ങളുമായി ബന്ധിപ്പിച്ച്, ഭക്ഷണരീതി, ജീവിതചര്യ എന്നിവ മെച്ചപ്പെടുത്തുക | - രോഗങ്ങൾ ഉത്കണ്ഠ, വിഷാദം, മടി, അലസത, അമിതവണ്ണം തുടങ്ങിയ മാനസികാരോഗ്യ പ്രശ്നങ്ങൾ ചർച്ച - പരിഹാരം | 1 മാസം | ആരോഗ്യപ്രവർത്തകരുടെ ക്ലാസ്സുകൾ,<br>ഐ.സി.ടി. ഉപയോഗിച്ചുള്ള ഹ്യസ്വചിത്രങ്ങളുടെ അവതരണം | ഹെൽത്ത് ക്ലബ്ബ് ടീച്ചേഴ്സ് |

**മലയാളം**

| അക്കാദമികം | ഭൗതീകം | സാമൂഹികം | പിന്തുണ |
|---|---|---|---|
| പുസ്തകവർഷം - പൊതുചടങ്ങ് സംഘടിപ്പിച്ച് പുസ്തകങ്ങൾ ശേഖരിച്ചും ക്ലാസ് ലൈബ്രറി സജ്ജീകരിക്കാൻ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പരമാവധി പുസ്തകങ്ങൾ ശേഖരിക്കുക. | ഐ.സി.റ്റി. സാധ്യതകൾ പ്രയോജനപ്പെടുത്തുക.<br>ലൈബ്രറി വായന കാര്യക്ഷമമാക്കുക<br>ഭിന്നശേഷിക്കാർക്കായി പാഠഭാഗങ്ങൾ പരമാവധി ജീവിത പരിസരങ്ങളുമായി ബന്ധിപ്പിക്കുന്നു. | പരിസ്ഥിതി സംരക്ഷണം<br>മാതൃഭാഷാ സ്നേഹം വളർത്തിയെടുക്കുക<br>മൂല്യങ്ങളിൽ അധിഷ്ഠിതമായ സമൂഹത്തെ വളർത്തിയെടുക്കുക<br>സാമൂഹ്യപ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നു. ഒരു സമൂഹത്തെ വാർത്തെടുക്കുക. | പേരന്റ്സ്<br>ടീച്ചേഴ്സ്<br>പേരന്റ്സ്<br>ടീച്ചേഴ്സ് |
| വായനയ്ക്ക് ഒരു വാർഷിക പദ്ധതി തയ്യാറാക്കുക | പാഠപുസ്തകങ്ങൾ പരമാവധി ദൃശ്യശ്രവ്യമാധ്യമങ്ങളുടെ സഹായത്തോടെ ആകർഷകമായി വിനിമയം ചെയ്യുക. | വ്യക്തിശുചിത്വവും പരിസരശുചിത്വവും ആരോഗ്യവും ഉള്ള ഒരു തലമുറയെ വാർത്തെടുക്കുക | പേരന്റ്സ്<br>ടീച്ചേഴ്സ് |
| എല്ലാ തലത്തിലുള്ള കുട്ടികളെയും വായനയിലേയ്ക്ക് ആകർഷിക്കാൻ പര്യാപ്തമായ കർമ്മപദ്ധതികൾ തയ്യാറാക്കാൻ പുസ്തകനിരൂപണം ആസ്വാദനക്കുറിപ്പ് കൈയെഴുത്തു മാസികകൾ പുതിയ പദങ്ങൾ അർത്ഥങ്ങൾ - നിഘണ്ടു നിർമ്മാണം | മാനുഷിക മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു ജീവിതദർശനം ബോധ്യപ്പെടാൻ പാഠഭാഗങ്ങളുടെ വിനിമയം പ്രയോജനപ്പെടുത്തുന്നു | നേതൃത്വപാടവം സംഘാടകമികവ് മുതലായവ വളർത്തിയെടുക്കുക | പേരന്റ്സ്<br>ടീച്ചേഴ്സ് |

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ലൈബ്രറി ശാക്തീകരണം | - ആഴ്ചയിലൊരു മണിക്കൂർ വായനയ്ക്കായി കണ്ടെത്തുന്നു<br>- ആഴ്ചയിലൊരു പുസ്തകം വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>- വിശ്രമവേളകളിൽ വായന പരിശീലിപ്പിക്കുന്നു.<br>- വായിച്ച കാര്യങ്ങൾ എഴുതി വയ്ക്കാൻ പരിശീലനം<br>- ഓരോ ക്ലാസിലെയും കുട്ടികൾക്ക് ലൈബ്രറിച്ചുമതല | 2 മാസം | മലയാളം അധ്യാപിക<br>പുസ്തകങ്ങൾ<br>ലൈബ്രറി | അധ്യാപകർ<br>ക്ലബ്ബുകൾ<br>പി.ടി.എ. |
| ശില്പശാലകൾ | - ഓരോ ടേമിലും ശില്പശാലകൾ<br>- കഥ, കവിത, ഉപന്യാസം എന്നിവ തരം തിരിച്ച് മികച്ച ക്ലാസ് നൽകുന്നു.<br>- രചനകൾ നടത്തുന്നു<br>- പോരായ്മകൾ നികത്തുന്നു | 1 വർഷം | നാട്ടിലെ സ്കൂളിലെ മികച്ച അദ്ധ്യാപകർ<br>എഴുത്തുകാർ | അധ്യാപകർ<br>വിദ്യാരംഗം ക്ലബ്<br>സാഹിത്യകാരന്മാർ<br>പി.ടി.എ. |

ക്ലാസ്സ് 8

## H.S. മലയാളം

| അക്കാദമികം | ഭൗതീകം | സാമൂഹികം | പിന്തുണ |
|---|---|---|---|
| എല്ലാ കുട്ടികളും മാതൃഭാഷ തെറ്റുകൂടാതെ എഴുതുവാനും വായിക്കാനും ആശയപ്രകടനത്തിനുമുള്ള ശേഷി കൈവരിക്കുക കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തി സ്വതന്ത്രമായ രചനകൾക്ക് കുട്ടികളുടെ രചനകൾ അവതരിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും പത്രമാധ്യമങ്ങൾക്കും പ്രസിദ്ധീകരണത്തിന് അയച്ചുകൊടുക്കുക സാഹിത്യകാരന്മാരുമായി നേരിട്ടോ കത്തുകളിലൂടെയോ ആശയവിനിമയം നടത്തുക അവരുടെ ജീവിതാനുഭവങ്ങൾ നേരിട്ടു മനസ്സിലാക്കുക വിവിധ ഭാഷകളിലുല്ള ലോകോത്തര ക്ലാസ്സുകൾ പരിചയപ്പെടുക | കാർഷികവൃത്തി ജീവിതവൃത്തി ജൈവകൃഷിയുടെ ആവശ്യകതയും ബോധ്യപ്പെടുത്തുക<br>(ടീച്ചർ മാതാപിതാക്കൾ)<br>രാഷ്ട്രീയസ്നേഹവും ദേശസ്നേഹവും ഊട്ടിയുറപ്പിക്കുക പൗരബോധമുള്ളവരാക്കി മാറ്റുക (ടീച്ചർ)<br>ഭാഷാ സ്നേഹം വളർത്തിയെടുക്കുക (ടീച്ചർ)<br>ക്ലാസ് ലൈബ്രറികളിലെ പുസ്തകങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക (ടീച്ചർ)<br>വായനക്കുറിപ്പുകൾ എഴുതി തയ്യാറാക്കുക. | കൃഷി പച്ചക്കറിയുല്പാദനം തുടങ്ങിയവ പ്രൊജെക്റ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കുക<br>നാട്ടിലുള്ള വിളകളെയും കലാകാരന്മാരേയും കണ്ടെത്തുക. | പേരന്റ്സ്<br>മാനേജ്മെന്റ്<br>ടീച്ചേഴ്സ്<br>പേരന്റ്സ്<br>ടീച്ചേഴ്സ്<br>സ്പോൺസേഴ്സ്<br>പേരന്റ്സ്<br>ടീച്ചേഴ്സ് |

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ മികച്ചവരാക്കുക | - വായനാക്കുറിപ്പ് മത്സരങ്ങൾ<br>- വായനാക്ലബ്<br>- സാഹിത്യകാരന്മാരുമായുള്ള<br>- ക്ലാസ് നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ലക്ഷ്യമാക്കാൻ അഭിമുഖം<br>- ഐ.സി.റ്റി. സാധ്യത<br>- എഴുത്തുകൂട്ടം<br>- ക്ലാസ് ലൈബ്രറി<br>- സാഹിത്യകൃതികൾ പരിചയപ്പെടൽ<br>- സ്കൂളിലെ എഴുത്തുകാരുമായുള്ള സംവാദം<br>- നാട്ടിലെ എഴുത്തുകാരുമായുള്ള സംവാദം<br>- പൂർവ്വ അധ്യാപകൻ വിദ്യാർത്ഥികൾ അനുമോദനം<br>- ചർച്ചകൾ സെമിനാറുകൾ<br>- കൈയെഴുത്തു മാസികാനിർമ്മാണം<br>- ഐ.സി.ഐ. സാധ്യത | 1 വർഷം | കൈരളി വിജ്ഞാനക്ലബ്<br>ലൈബ്രറി<br>സാഹിത്യകാരന്മാർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>പൂർവ്വ അധ്യാപകർ | അധ്യാപകർ<br>ക്ലബ്ബുകൾ<br>പി.ടി.എ. |
| പത്രവായന പരിപോഷിപ്പിക്കുക | പരമാവധി പത്രങ്ങൾ സ്പോൺസർ ഷിപ്പിലൂടെ ലക്ഷ്യമാക്കുക.<br>ഓരോ ക്ലാസ്സിനും ഓരോ പത്രം, രാവിലെ പ്രധാനപത്രവാർത്തകളുടെ അവതരണം<br>റിപ്പോർട്ട് തയ്യാറാക്കൽ, പത്രക്വിസ്സ്, വായനാമത്സരം | 1 വർഷം<br>ദിവസേന<br>മാസത്തിൽ 1 | വിദ്യാരംഗം ക്ലബ്<br>മലയാളം ടീച്ചർ | അധ്യാപകർ<br>വിദ്യാരംഗം ക്ലബ്<br>സാഹിത്യകാരന്മാർ<br>പി.ടി.എ. |

## H.S. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം | അക്ഷരങ്ങൾ ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>പദങ്ങൾ, വാക്യങ്ങൾ<br>ചിത്രം കണ്ട് വാക്യങ്ങളുണ്ടാക്കൽ<br>ചിത്ര - അടിക്കുറിപ്പ്, - കഥ പറയൽ<br>കഥ തുടക്കം - കഥ പൂർത്തിയാക്കൽ<br>ഐറ്റി.സി. സാധ്യത ഉപയോഗിച്ച് ചിത്രപ്രദർശനം, വാക്യം നിർമ്മാണങ്ങളിലൂടെ വിശദീകരണം കേട്ടെഴുത്ത്<br>പ്രത്യേക ക്ലാസ് CWSM<br>അമ്മമാരുടെ സഹായം | 6 മാസം<br>2 മാസം<br>1 വർഷം | മലയാളം ടീച്ചർ<br>എസ്.ആർ.ജി.<br>എം.പി.ടി. | അദ്ധ്യാപകർ<br>എം.പി.റ്റി.എ. |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക<br>സ്വാതന്ത്ര്യവായനക്കാരനാക്കുക | - ക്ലാസ് ലൈബ്രറി<br>- വായനമൂല<br>- സ്കൂൾ ലൈബ്രറി<br>- വായനാമത്സരങ്ങൾ<br>- പത്രങ്ങൾ, ആനുകാലികങ്ങൾ | 2 വർഷം | ക്ലാസ് ടീച്ചർ | മലയാളം<br>അദ്ധ്യാപകർ<br>എസ്.ആർ.ജി.<br>റ്റി.റ്റി.സി. ട്രയിനേഴ്സ്<br>പി.ടി.എ. കൈരളി വിജ്ഞാന ക്ലാസ്<br>സഹകരണബാങ്കുകൾ |

ക്ലാസ്സ് 10

## H.S. മലയാളം

| അക്കാദമികം | ഭൗതീകം | സാമൂഹികം | പിന്തുണ |
|---|---|---|---|
| കുട്ടികളുടെ പഠന നിലവാരം ഉയർത്തുക<br>മാതൃഭാഷ അനായാസം കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുക (ടീച്ചർ ലോകോത്തരങ്ങളായ സാഹിത്യകാരന്മാരെയും അറിയുക മാതൃഭാഷ സ്നേഹം വളർത്തിയെടുക്കുക മലയാളഭാഷയുടെ ചരിത്രവും മാഹാത്മ്യവും തിരിച്ചറിയുക (ടിച്ചർ) ഭാഷയിലെ മെച്ചപ്പെട്ട കൃതികളെയും സാഹിത്യകാരന്മാരെയും അടുത്തറിയുക (ടീച്ചർ)<br>ക്ലാസ് ലൈബ്രറി സ്ഥാപിക്കുക പുസ്തകങ്ങൾ ശേഖരിക്കുക, പത്രവായന, പത്രക്വിസ് (ടീച്ചർ) | പഠനനിലവാരം ഉയർത്തുക<br>മാതൃഭാഷയുടെ മഹത്വം തിരിച്ചറിയുക.<br>ഭാഷയുടെ ചരിത്രവും വികാസവും ഇന്നത്തെ അവസ്ഥയും മനസ്സിലാക്കുക<br>- ഐ.സി.റ്റി. സാധ്യതകൾ (ടീച്ചർ) ഉപയോഗപ്പെടുത്തുക, വിപുലമായ ക്ലാസ് ലൈബ്രറി, വായനാ മുറി സജ്ജീകരണം<br>- ഇന്റർനെറ്റ് സൗകര്യം | സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കി കുട്ടികളെ വളർത്തിയെടുക്കുക<br>സാമൂഹികപ്രശ്നങ്ങളിൽ ക്രീയാത്മ കമായി ഇടപെടുക മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു ജീവിതക്രമം കെട്ടിപ്പടുക്കുക സാമൂഹിക പ്രശ്നങ്ങ ളിൽ ക്രീയാത്മകമായി ഇടപെടുക മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു ജീവിതക്രമം കെട്ടിപ്പടുക്കുക നന്മ തിന്മകളെ തിരിച്ചറിഞ്ഞ് സാമൂഹിക പ്രശ്നങ്ങളിൽ പ്രതികരിക്കുക<br>മദ്യം മയക്കുമരുന്ന് തുടങ്ങിയ സാമൂഹിക വിപത്തുകൾക്കെതിരെ പോരാടുക<br>ജാഗ്രത പുലർത്തുക വർദ്ധിച്ചു വരുന്ന സൈബർ കുറ്റ കൃത്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം തിരിച്ചറിയുകയും സ്ത്രീയോട് മാന്യമായി പെരുമാറുകയും ചെയ്യുക | ടീച്ചേഴ്സ്<br>മാനേജ്മെന്റ്<br>പേരന്റ്സ്<br>ടീച്ചർ<br>മാനേജ്മെന്റ്<br>സ്പോൺസർ |

## H.S. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം /പിന്തുണ |
|---|---|---|---|---|
| To develop reference skills and reading skills | English speech – English Club Activities സ്കൂൾ അസംബ്ലിയോടനുബന്ധിച്ചും ആഴ്ചയിൽ ഒരുദിവസം ക്ലാസ്സിലും സംഘടിപ്പിക്കാവുന്നതാണ്. പത്രവായന ദിവസവും നടത്താവുന്നതാണ്. | Once in a month | English Teacher, Class Representative | |
| | തുടങ്ങിയവ ഉൾപ്പെടുത്തി മാസത്തിൽ രണ്ടോ മൂന്നോ തവണ സംഘടിപ്പിക്കുന്നു | Once in a term/ Once in a year | Class Representative English Teacher, | |
| | ക്ലാസ് തലത്തിൽ കുട്ടികൾക്ക് ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക കുട്ടികളുടെ സാഹിത്യരചനകൾ ഇംഗ്ലീഷ് ഭാഷയിൽത്തന്നെ മാഗസിനിൽ ഉൾപ്പെടുത്തുന്നു. Class Library/reading corner class റൂമിൽ സജ്ജമാക്കുന്നു. | Once in a year | Class Teacher | ഇംഗ്ലീഷ് ബുക്ക് ഇംഗ്ലീഷിൽ പ്രസിദ്ധീകരണങ്ങൾ ഇംഗ്ലീഷ് മലയാളം ഡിക്ഷനറി English Pronouncing Dictionary |

## H.S. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| To develop LSRW (Listening Speaking, Reading and Writing) skills in English | Drama & Theatre and Script Writing<br>പാഠഭാഗങ്ങളിലുള്ള നാടകീകരണ സന്ദർഭങ്ങൾ കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കുക. സ്ക്രിപ്റ്റ് തയ്യാറാക്കുക. | 1 month | English Teacher | Text Book<br>Handbook<br>Educational Storys<br>Internet resources |
| To develop reading skills (loud reading) pronunciation and vocabulary LSRW skills | English Club Activities Near reading everyday after the prayer and during the school assembly<br>English news paper reading in the class room<br>Reading competition<br>English poetry recitation competition. | Once in a month | English Teacher<br>Class Representative<br>, | |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി കൈവരിക്കുക | ദൈനം ദിന പ്രവർത്തനങ്ങൾ ഡയറിയിൽ എഴുതുന്നു | എല്ലാ ദിവസവും | English Teacher | 500 |

പ്രവർത്തനം 3

## H.S. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| സർഗ്ഗാത്മകത പരിപോഷിപ്പിക്കുക<br>ഇംഗ്ലീഷ് പഠനാന്തരീക്ഷം | ഓരോ വിഷയത്തെയും കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ സ്ക്രിപ്റ്റ അവതരണം | 2 മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| സൃഷ്ടിക്കുക | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പുസ്തകങ്ങളുടെ ശേഖരം ഒരുക്കുക | മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| **പ്രവർത്തനം 3** | **ഇംഗ്ലീഷ് ഫെസ്റ്റ്** | | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലാവധി** | **ചുമതല** | **പിന്തുണ** |
| വ്യാകരണശുദ്ധിയയോടെ ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ കഴിയുക | മദ്ധ്യവേനൽ അവധി കഴിഞ്ഞ് ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിക്കുന്ന പാനൽ ഡിസ്കഷൻ | 5 ദിവസം | എച്ച്.എം.,<br>പി.ടി.എ.<br>ഇംഗ്ലീഷ് ടീച്ചർ | 5000<br>പി.ടി.എ. |
| സ്വർഗ്ഗാത്മകതയോട് വളർത്തുക | ക്ലാസ് മാഗസിൻ തയ്യാറാക്കുക. | ദീർഘകാലം | ഇംഗ്ലീഷ് ക്ലബ്ബ് | |
| **പ്രവർത്തനം 1** | **ഇംഗ്ലീഷ് അസംബ്ലി** | | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലാവധി** | **ചുമതല** | **പിന്തുണ** |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ വായിക്കാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേശി വികസിപ്പിക്കുക | ഇംഗ്ലീഷ് അസംബ്ലി അവതരണം | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

## H.S. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| English Corner | Teacher talks/dialogues in the class room എന്നിവ പരിയചപ്പെടുത്തുന്നു.<br>Ex. Seekng permission leave talking expressions Giving confirmation Responding to thanks Refusing Permmission<br>Expressing gratitude etc Hellow English your Campus Placing English sign boards in different parts of the school such as classrooms near the watertop. near the dust bin, office, canteen gate etc.<br>Ex. Today is a great day to clean something new saw each drop for the future Waste belongs to the dust bin etc. | 1 Year | Teachers of different subjects exp. English teacher | Dictionary<br>Internet<br>Resources<br>Blogs |

## H.S. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം /പിന്തുണ |
|---|---|---|---|---|
| To develop Speacking skills in English, to enable students to speak well in English | Observance of English speaking Day<br>ഒരു മാസത്തിലെ 2, 4 വെള്ളിയാഴ്ചകൾ English speaking Day ആയി മാറ്റി വയ്ക്കുന്നു.<br>അന്നേ ദിവസം സൗകര്യപ്രദമായി മുഴുവൻ സമയവും English speaking പ്രയോജനപ്പെടുത്താം എല്ലാ പീരിയഡുകളിലും ഇംഗ്ലീഷ് ഭാഷയിൽത്തന്നെ ആശയവിനിമയം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക<br>കുട്ടികൾക്കു നൽകുന്നു<br>നിത്യ ജീവിതത്തിൽ പ്രയോഗിക്കേണ്ട വാക്കുകളും പ്രയോഗങ്ങളും പരിചയപ്പെടുത്തുന്നു. ചാർട്ടുകൾ പോസ്റ്ററുകൾ പ്രദർശനം | Twice in a month | English Teacher | Internet resources Teacher's Handbook |

**ക്ലാസ്സ് 8** **ഹിന്ദി**

| അക്കാദമികം | ഭൗതീകം | സാമൂഹികം | പിന്തുണ |
|---|---|---|---|
| കുട്ടികളുടെ പഠന നിലവാരം ഉയർത്തുക<br>മാതൃഭാഷ അനായാസം കൈകാര്യം ചെയ്യാൻ പഠിപ്പിക്കുക<br>രാഷ്ട്രത്തോടും രാഷ്ട്രഭാഷയോടുമുള്ള സ്നേഹം വളർത്തിയെടുക്കുക രാഷ്ട്രഭാഷയിലെ മികച്ച സാഹിത്യകാരന്മാരെ സാഹിത്യ സൃഷ്ടികളെ അറിയുക<br>ക്ലാസ് ലൈബ്രറി സജ്ജീകരിക്കുക ദിനാചരണ പുസ്തക വായന<br>പാഠഭാഗത്തെ വ്യത്യസ്ത വ്യവഹാര രൂപത്തിലാക്കുക<br>നിഘണ്ടു നിർമ്മാണം. | കുട്ടികളുടെ പഠനനിലവാരം ഉയർത്തുക<br>രാഷ്ട്രാഭാഷയുടെ മഹത്വം തിരിച്ചറിയുക<br>ഐ.സി.റ്റി. സാധ്യതകൾ പ്രയോജനപ്പെടുത്തുക<br>വായന പ്രോത്സാഹിപ്പിക്കുക<br>വായിച്ച കൃതി-കർത്താവ് സംഗ്രഹം - കുറിപ്പ് ശേഖരണം അവതരണം. | സാമൂഹിക പ്രതിബദ്ധത കുട്ടികളിൽ വളർത്തുക<br>സാമൂഹികപ്രശ്നങ്ങളിൽ ക്രീയാത്മകമായി ഇടപെടുക<br>നന്മതിന്മകളെ തിരിച്ചറിഞ്ഞ് സാമൂഹിക പ്രശ്നങ്ങളിൽ പ്രതികരിക്കുക<br>സാമൂഹിക തിന്മകളെക്കുറിച്ചറിഞ്ഞ് | |

ക്ലാസ്സ് 10

# H.S. ഗണിതം

| ലക്ഷ്യം | പഠനപ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുന്നു | സ്തംഭങ്ങളുടെ നിർമ്മിതി ഐ.സി.റ്റി. ഉപയോഗിച്ച് സ്തംഭങ്ങൾ സ്തൂരികകൾ ഇവയുടെ നിർമ്മാണം | 1 ആഴ്ച | മാത്തസ് ടീച്ചർ | പി.റ്റി.എ. |
| | ചതുരം, സമചതുരം, ലംബകം, സാമാന്തരികം, സമഭുജസാമാന്തരികം, ചതുർഭുജങ്ങൾ ഇവയുടെ നിർമ്മിത് | 2 ആഴ്ച | മെമ്പർ ഓഫ് മാത്ത്സ് ക്ലബ് | പി.റ്റി.എ. |
| ക്ലാസ് വൈസ് വൈറ്റ് ബോർഡ് സ്മാർട്ട് ക്ലാസ്സ് റൂം | സർവ്വസമവാക്യങ്ങളുടെ നിർമ്മാണം ജ്യാമിതിയിലൂടെ | 2 ആഴ്ച | മാത്തസ് ടീച്ചർ മെമ്പർ ഓഫ് മാത്ത്സ് ക്ലബ് | പി.റ്റി.എ. |
| ഗണിതം മധുരമുള്ളതാക്കുന്നതിന് | ആവർത്തന പഠനത്തിനനുയോജ്യമായ ഹോം വർക്കുകൾ നല്കുന്നു | ഓരോ ആഴ്ചയിലും | മാത്ത്സ് ടീച്ചർ | പി.റ്റി.എ. |
| | അനുദിന പാഠഭാഗത്തിന്റെ ഗണിത പ്രശ്നങ്ങൾ 3 തവണ ആവർത്തിച്ചു ചെയ്ത് സ്വയം പ്രശ്നപരിഹാരത്തിന് പ്രാപ്തി നേടുന്നു. | ദിവസേന | മാത്ത്സ് ടീച്ചർ | പി.റ്റി.എ. |
| | ഗണിത മാസിക തയ്യാറാക്കുന്നു | വർഷത്തിൽ ഒന്ന് | മാത്ത്സ് ടീച്ചർ | പി.റ്റി.എ. |

**ക്ലാസ്സ് 10** **ഗണിതം**

| ലക്ഷ്യം | പഠനപ്രവർത്തനം | കാലയളവ് | ഭൗതികം |
|---|---|---|---|
| ഗണിതത്തിൽ പ്രാവീണ്യം താല്പര്യം ഉണ്ടാക്കുന്നു | ഗണിതപരമായ പൊതു ആശയങ്ങൾ ഗുണനപട്ടിക, ചതുഷ്ക്രിയകൾ, സ്ക്വയർ റൂട്ട്സ് എന്നിവയിൽ പ്രാവീണ്യം നേടാൻ പ്രാപ്തമായ് പ്രവർത്തനമാണ് രൂപീകരിക്കാൻ | 1 മാസം | മാത്തസ് ടീച്ചർ |
| | കോൺ മാലിനി, മട്ടങ്ങൾ, സ്കെയിൽ, കോമ്പസ് തുടങ്ങിയ ഉപകരണങ്ങൾ കാര്യക്ഷമമാക്കി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു. | 2 മാസം | മെമ്പർ ഓഫ് മാത്ത്സ് ക്ലബ് |
| | മാത്ത്സ് ക്ലബ് മാത്ത്സ് ലാബ് എന്നിവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട ഭൗതിക സാഹചര്യങ്ങൾ സജ്ജീകരിക്കുന്നു. | 3 ആഴ്ച | മാത്തസ് ടീച്ചർ |
| | ഓരോ പാഠഭാഗത്തിന്റെയും പ്രധാനാശയങ്ങൾ ഉൾക്കൊള്ളുന്ന | വർഷത്തിൽ 1 | മാത്ത്സ് ടീച്ചർ |
| | ഫോർമുല ഉൾക്കൊള്ളുന്ന കൈപ്പുസ്തകം ഉണ്ടാക്കുന്നു. | | മാത്ത്സ് ടീച്ചർ |

# സോഷ്യൽ സയൻസ്

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| സോഷ്യൽ സയൻസ് ലാബ് | അറ്റ്ലസ് നിർമ്മാണം<br>ഗ്ലോബ് നിർമ്മാണം<br>അക്ഷാംശം, രേഖാംശം കണ്ടെത്തൽ<br>ഇന്ത്യ രാഷ്ട്രീയ ഭൗതീക ഭൂപടനിർമ്മാണം | 6 മാസം | സോഷ്യൽ സയൻസ് ക്ലബ്<br>എസ്.എസ്. അധ്യാപകൻ<br>സ്കൂൾ പാർലമെന്റ്<br>ഭാരവാഹികൾ | ലോക ഭൂപടങ്ങൾ ഗ്ലോബ് മാപ്പ് | BRC<br>TTC<br>B.Ed.<br>Trainers<br>SRG |
| ദിനാചരണങ്ങൾ | മണ്ണ് കാലാവസ്ഥം<br>ഗാന്ധി ജയന്തി<br>ലോക എയ്ഡ്സ് ദിനം | | | | |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണമീറ്റ 13 കാർഡിഡേറ്റ് ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റിന്റെ രൂപീകരണം,സ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ 4 തവണ | | | |

# സാമൂഹ്യശാസ്ത്രം H.S

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റലസുകൾ തുടങ്ങിയവ, ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ | വർഷത്തിൽ 1 തവണ | എസ്.എസ്. അധ്യാപകൻ | |
| സാമൂഹ്യശാസ്ത്ര-നൂതന അറിവുകൾ - കണ്ടെത്തലുകൾ പ്രദർശനം | എല്ലാം കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ എസ്.എസ്. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക വിവരങ്ങൾ അപ്പ്ഡേറ്റ് ചെയ്ത് ഒട്ടിയ്ക്കൽ | എല്ലാ ദിവസവും | എസ്.എസ്. ക്ലബ് | |
| പഠനയാത്രകളിലൂടെ ചരിത്രന്യൂനതകൾ, മന്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ കേന്ദ്രകലകൾ, കോട്ടകൾ തുടങ്ങിയവയെകുറിച്ച് കൂടുതൽ മനസ്സിലാക്കാൻ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഉടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | ടീച്ചേഴ്സ് | പി.ടി.എ. |

## ശാസ്ത്രം H.S

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| വനനശീകരണത്തിന്റെ ദൂഷ്യവശങ്ങൾ, വിവിധതരം പാരിസ്ഥിതിക മലിനീകരണം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഇവയെക്കുറിച്ച് ബോധവാന്മാരാക്കുക | ലോകപരിസ്ഥിതി ദിനങ്ങളിൽ കുട്ടികൾ വൃക്ഷത്തൈ നടുന്നു.<br>സ്ലൈഡ് ഷോ പ്രദർശനം | ജൂൺ ആദ്യവാരം | അധ്യാപകൻ | പരിസ്ഥിതി ക്ലബ് അംഗങ്ങൾ<br>പി.റ്റി.എ<br>എസ്.ആർ.ജി.<br>ശാസ്ത്രക്ലബ് |
| ശാത്രപഠനത്തിൽ താൽപര്യം വളർത്തുക | ശാസ്ത്രജ്ഞരുടെ ജന്മദിനം അവരുടെ സംഭാവനകൽ രേഖപ്പെടുത്തിക്കൊണ്ട് ആചരിക്കുന്നു. | 1 ദിവസം | ശാസ്ത്ര അധ്യാപകൻ | എസ്.ആർ.ജി.<br>പി.റ്റി.എ<br>ലഹരി വിരുദ്ധ ക്ലബ് |
| ലഹരി വസ്തുക്കളുടെ ഉപയോഗം ദൂഷ്യഫലങ്ങൾ ബോധവത്ക്കരിക്കുക | വിദഗ്ധരുടെ ക്ലാസ്സ് ഷോർട്ട് ഫിലിം പ്രദർശനം | | | |
| ആവാസവ്യവസ്ഥ പരിചയപ്പെടൽ | പഠനയാത്രകൾ, സുവോളജിക്കൽ ഗാർഡൻ സന്ദർശനം | 1 ആഴ്ച | അധ്യാപകൻ | |

## ശാസ്ത്രം H.S

| ലക്ഷ്യം | പഠനപ്രവർത്തനം | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| ശാസ്ത്രമാസിക/ ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കുക. | 6 മാസത്തിൽ ഒരിക്കൽ | എസ്.ആർ.ജി. സയൻസ് ടീച്ചർ | പി.ടി.എ. 1000 |
| ചോദ്യപേപ്പർ, ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യോത്തരം തയ്യാറാക്കൽ, ചോദ്യ പേപ്പർ സമഗ്രയിൽ അപ്ലോഡ് ചെയ്യാൻ | 1 മാസം | എസ്.ആർ.ജി. സയൻസ് ടീച്ചർ | പി.ടി.എ. 2500 |
| മോഡൽ നിർമ്മാണം | ജീവശാസ്ത്രവുമായി ബന്ധപ്പെട്ടമോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | എസ്.ആർ.ജി. സയൻസ് ടീച്ചർ | |

## ബെസിക് സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| 1 കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര തത്വങ്ങൾ ലളിതമായി പരീക്ഷണങ്ങളിലൂടെയുള്ള അവതരണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ടീച്ചർ |
| 2. ശാസ്ത്ര ലാബ് നവീകരണം | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ | 1 മാസം | സയൻസ് ടീച്ചേഴ്സ് പി.റ്റി.എ. |
| 3. പഠന പിന്നോക്കാവസ്ഥയിലുള്ളവർക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ -കുട്ടി കുട്ടി - കുട്ടി എന്നിങ്ങനെ രണ്ടുതലത്തിൽ പരിശീലനം | ആഴ്ചയിൽ 1 ദിവസം | സയൻസ് ടീച്ചർ |
| 4. ജൈവ വൈവിധ്യത്തോട്ടം വിപുലീകരണം | സ്കൂൾ തലത്തിൽ പരിശീലനം സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കുക | 3 മാസം | ഇക്കോ ക്ലബ് പി.ടി.എ. |
| 5. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | സ്കൂൾ കെട്ടിടത്തനു മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമായ വൈദ്യുതി ലഭ്യമാക്കൽ | 1 വർഷം | എം.എൽ.എ. എം.പി. ഫണ്ട് |

## ഉപമേഖല പരിശീലനം (സെമിനാർ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം സെമിനാർ<br><br>ആരോഗ്യമുള്ള ശരീരം<br>ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ<br>വിദ്യാഭ്യാസം ഫലപ്രദമാക്കൽ<br>സ്കോളർഷിപ്പ് പരിശീലനം<br>പരമാവധി കുട്ടികൾ<br>വിവിധ സ്കോൾഷിപ്പുകൾ<br>മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളിൽ<br>സംവാദം, സെമിനാർ, ചാനൽചർച്ച, തുടങ്ങിയവ<br>ഫുട്ബോൾ പരിശീലനം, ഓട്ടം, ലോംഗ്ജംപ്, ഹൈജംപ് തുടങ്ങിയവയിൽ പരിശീലനം<br>വിദഗ്ധരുടെ ക്ലാസ്സുകൾ<br>എൻ.എം.എം.എസ്. യു.എസ്.എസ്. തളിര് തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | 2 മാസത്തിൽ ഒന്ന് | എസ്.ആർ.ജി.<br>എസ്.എസ്. ക്ലബ്<br><br>ക്ലാസ് ടീച്ചർ<br>പൂർവ്വവിദ്യാർത്ഥികൾ<br><br>സയൻസ് ടീച്ചർ<br>എൻ.എസ്. ടീച്ചർ<br>ഇംഗ്ലീഷ്, മലയാളം ടീച്ചേഴ്സ്<br>ഗണിതം ടീച്ചർ | ജനപ്രതിനിധികൾ<br>1000<br>പി.റ്റി.എ.<br><br>പി.റ്റി.എ.<br><br>പി.റ്റി.എ. |

## ഉപമേഖല പരിശീലനം (സെമിനാർ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തിപരിചയം പരിശീലനം | താല്പര്യമുള്ള കുട്ടികൾക്ക് പ്രവൃത്തി പരിയചത്തിൽ പരിശീലനം നൽകി മികച്ച ഉല്പന്നങ്ങൾ നിർമ്മിക്കുന്നു.<br>വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തുന്നു | വർഷത്തിൽ 1 മാസം | എസ്.ആർ.ജി. | 10000 |
| ഉപമേഖല കലാരംഗം | | | | |
| കലാഭിരുചിയുള്ളവർക്ക് പരിശീലനം | ഉപകരണസംഗീതത്തിലും മറ്റ് കലാവാസനകളും ഉള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ആഴ്ചയിൽ 2 ദിവസം വർഷം മുഴുവൻ | എസ്. ആർ.ജി. | പി.ടി.എ.<br>10000 |
| കായിക പരിശീലനം | | | | |
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കഴിവുകൾ പരിഗണിച്ച് താല്പര്യമേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലെത്തിക്കുന്നു.<br>ഫുട്ബോൾ പരിശീലനം രാവിലെയും വൈകിട്ടും | എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും 1 വർഷം | എച്ച്.എം.<br>പൂർവ്വ വിദ്യാർത്ഥികൾ | പി.ടി.എ.<br>10000 |

## ഉപമേഖല ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | | സാമ്പത്തികം |
|---|---|---|---|---|---|
| സ്കൂളിൽ ഹൈടെക് ആകാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ്സ് മുറികൾ, ഹൈടെക് ആക്കുന്ന പ്രവർത്തനം | പി.ടി.എ. | 6 മാസം | പൂർവ്വ വിദ്യാർത്ഥികൾ ജനപ്രതിനിധികൾ | 10,00,000 |
| ഉപമേഖല കൗൺസലിംഗ് | | | | | |
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകൽ നല്ല വ്യക്തിത്വമുള്ളവരാക്കൽ | ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ<br>ഗൃഹ സന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച കൗൺസലിംഗ് ഫലപ്രദമാക്കൽ കൗൺസിലിംഗ് | കൗൺസിലിംഗ് ടീച്ചർ | 1 വർഷം | | |

# Talent Lab

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| പ്രതിഭകളായ കുട്ടികൾക്ക് അധിക പരിശീലനം | ജി.കെ. ക്ലാസ്സ് ആന്റ് എക്സാം,<br>സയൻസ് മാത്ത്സ് വിഷയങ്ങൾക്ക് കൂടുതൽ പരിശീലനവും പരീക്ഷകലും<br>സ്കോളർഷിപ്പ് പരീക്ഷകൾ<br>ശാസ്ത്രപഥം പ്രീമിയർ (യു.പി.)<br>വ്യക്തിത്വ വികസന ക്ലാസ്സുകൾ<br>കരിയർ ഗൈഡൻസ് ക്ലാസ്സുകൾ<br>അഭിരുചി ടെസ്റ്റുകൾ<br>വായന,<br>ലൈബ്രറി കൂടുതൽ പ്രയോജനപ്പെടുത്തുന്നു.<br>ഐ.സി.റ്റി. സാധ്യത പ്രയോജനപ്പെടുത്തുന്നു.<br>ശാസ്ത്രമേളകളിൽ സജീവ പങ്കാളിത്തം<br>ക്വിസ് പ്രോഗ്രാമുകൾ<br>ടാലന്റ് ഹണ്ട് പോലുള്ള പരീക്ഷകൾക്ക് തയ്യാറെടുപ്പ് |

# ഇംഗ്ലീഷ് - വെല്ലുവിളികൾ - പ്രശ്നപരിഹാരങ്ങൾ

Speaking, Reasoning, Writing, Listening – skills കുറയുന്നു.

ഗ്രാമർ പഠനം ബുദ്ധിമുട്ടാകുന്നു.

ഇംഗ്ലീഷ് ന്യൂസ്പേപ്പർ പ്രോത്സാഹിപ്പിക്കുക

ഇംഗ്ലീഷ് ക്ലബ്ബുകൽ രൂപീകരിക്കുക.

Literary Quiz-കൾ രൂപീകരിക്കുക

ഇംഗ്ലീഷ് ലൈബ്രറികൾ രൂപീകരിക്കുക

ഇംഗ്ലീഷ് സ്പീക്കിംഗ് കോഴ്സ്

ഇംഗ്ലീഷ് അസംബ്ലി

ഇംഗ്ലീഷ് ഡേ ആചരണം

ഐ.സി.റ്റി. സാധ്യത കൂടുതലായി പാഠ്യപദ്ധതിയോടൊപ്പം ഉൾപ്പെടുത്തുക.

ഡിബേറ്റ്സ്, ഡ്രാമാസ്, എസ്സേകൾ എന്നിവ അവതരിപ്പിക്കുന്ന അസംബ്ലികൾ, മീറ്റിംഗുകൾ തുടങ്ങിയവ ആരംഭിക്കുക.

പതിപ്പുകൾ മാഗസിനുകൾ, ഡൈജസ്റ്റ് മുതലയാവ...

## മാതൃഭാഷ - വെല്ലുവിളികൾ

വായനയിലും എഴുത്തിലും തെറ്റുവരുത്തുന്നു

ചിഹ്നങ്ങൾ ഉപയോഗിക്കാൻ കഴിയാതെവരുന്നു.

മാധ്യമങ്ങളുടെ കടന്നുവരവോടെ വായനാശീലം കുറയുന്നു

ഉപയോഗം കുറയുന്നു. ഇംഗ്ലീഷ് വൽക്കരിച്ച് ഉത്തരങ്ങൾ എഴുതുന്നു

കഥ, കവിത തുടങ്ങിയ സർഗ്ഗാത്മകതയിലൂന്നിയ രചനകൾക്ക് പ്രാധാന്യം കുറയുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

കഠിനപദങ്ങളെ/നൂതനപദങ്ങളെ അർത്ഥവിശദീകരണത്തോടെ സ്വായത്തമാക്കാനും ഉപയോഗിക്കാനും പ്രോത്സാഹിപ്പിക്കുന്നു.

മാധ്യമങ്ങളുടെ സഹായത്തോടെ വായനാശീലം വർദ്ധിപ്പിക്കുന്നു.

ശില്പശാലകൾ നടത്തി സർഗ്ഗാത്മകമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നു.

ഐ.സി.റ്റി. സാധ്യത ഉപയോഗിച്ച് പാഠവുമായി ബന്ധപ്പെട്ട സിനിമകൾ, സംഭവങ്ങൾ തുടങ്ങിയവയിലൂടെ പഠനം രസകരമാക്കുന്നു.

കൈയെഴുത്തു മാസിക പ്രോത്സാഹിപ്പിക്കുക

വിദ്യാരംഗം, കളരിപോലുള്ള ക്ലബ്ബുകൾ ഊർജ്ജിതമാക്കുക.

# സയൻസ്

**വെല്ലുവിളികൾ**

ക്ലാസ്സിൽ സമയക്കുറവുകൊണ്ട് പരീക്ഷണങ്ങൾ കാണിച്ച് പഠിപ്പിക്കാനും വിശദീകരിക്കാനും കഴിയുന്നില്ല.

എക്സിബിഷനുകൾ, സെമിനാറുകൾ എന്നിവ നടത്താനുള്ള സമയക്കുറവ്.

പഠിച്ചകാര്യങ്ങൾ ഉപയോഗപ്പെടുത്താൻ നിത്യജീവിതത്തിൽ ഉപയോഗിക്കാൻ കഴിയാതെ വരുന്നത് - പാഠപുസ്തകങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നത്.

തിരക്കുകളും പഠനങ്ങളും പ്രകൃതിയോടുള്ള ആഭിമുഖ്യം കുറയുന്നു. പ്രകൃതിയിൽ നിന്നകറ്റുന്നു.

മലിനീകരണം - പ്ലാസ്റ്റിക് ഉപയോഗം വർദ്ധിക്കുന്നു.

ആരോഗ്യ ജീവിതത്തോട് വിമുഖരാണ് - ഭക്ഷണപാനീയങ്ങൾ, യോഗ, വ്യായാമം

**പരിഹാരനിർദ്ദേശങ്ങൾ**

ശാസ്ത്രവിഷയങ്ങൾക്ക് സമയക്കൂടുതൽ അനുവദിക്കുക.

എക്സിബിഷൻ സെമിനാറുകൾ, ക്വിസ്സുകൾ ഓരോ ടേമിലും സ്കൂൾ തലത്തിൽ നടത്തുക.

കുട്ടികളുടെ ശാസ്ത്രപരമായ അഭിരുചികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

പ്രകൃതിയോടും മണ്ണിനോടും കൃഷിയോടും ആഭിമുഖ്യമുള്ളവരാക്കി പുതുതലമുറയെ വളർത്തുക.

## സാമൂഹ്യശാസ്ത്രം - പഠനം രസകരമാക്കുന്നതിന്

മന:പാഠമാക്കി പഠിക്കുന്നതിനുപകരം മനസ്സിലാക്കി പഠിക്കുവാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നു.

ഐ.സി.റ്റി. സാധ്യത, ഭൂപടങ്ങൾ, ഭൂഗോളം, കാലാവസ്ഥ വ്യതിയാനങ്ങൾ തുടങ്ങിയവ പരിചയപ്പെടുത്തി വിഷയത്തോടുള്ള ആഭിമുഖ്യം വളർത്തുന്നു.

മേളകളിൽ സജീവമായി പങ്കെടുപ്പിച്ചുകൊണ്ട് കുട്ടികളെ പഠനത്തിലും പ്രവർത്തനത്തിലും മികവുറ്റവരാക്കുന്നു.

നദികൾ, ജലം എന്നിവയ്ക്കുള്ള പ്രാധാന്യം ജലക്ഷാമം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും തിരിച്ചറിയുന്നു.

പഠനയാത്രകൾ - തിരുവനന്തപുരം - വയനാട്, ചെറായി ബീച്ച് മുതലായവ...

ഫീൽഡ് ട്രിപ്പുകൾ - കാർഷികമേളകൾ, അന്ന അലുമിനിയം, കിറ്റെക്സ് മുതലായവ....

# English

| പ്രോഗ്രാം | പ്രവർത്തനങ്ങൾ |
|---|---|
| English Speaking Day<br><br>Drama & Script Writing<br>News Reading<br>News paper Reading<br>Quiz Programmes<br>Magazine നിർമ്മാണം<br>English Club<br>English Movie | ആഴ്ചയിൽ ഒരു ദിവസം<br>എല്ലാ ബുധനാഴ്ചയും ഇംഗ്ലീഷ് സംസാരിക്കാൻ പരിശീലിപ്പിക്കുന്നു<br>Cues words കുട്ടികൾക്ക് നൽകുന്നു<br>നിത്യജീവിതത്തിൽ ഉപയോഗിക്കേണ്ട വാക്കുകളും പ്രയോഗങ്ങളും പരിചയപ്പെടുത്തും.<br>A Word a Day<br>ചാർട്ടുകൾ, പോസ്റ്ററുകൾ - പ്രദർശനം<br>പാഠഭാഗത്തെ നാടകീകരിച്ച് ക്ലാസ്സിലും തുടർന്ന് വാർഷികങ്ങളിലും അവതരണം സ്കൂൾ അസംബ്ലി<br>ക്ലാസ്<br>ക്ലാസ് ലൈബ്രറി<br>ഗ്രാമർ, സാഹിത്യം മാസത്തിൽ 2 തവണ<br>ക്ലാസ് തലം<br>സ്കൂൾ തലം<br>സാഹിത്യ രചനകൾ - പ്രോത്സാഹനം<br>പ്രസംഗം<br>Poem<br>Spelling bee contest<br>Reading<br>Reasoning<br>Entertainment<br>Vocabulary |

## Hindi

| കാര്യപരിപാടി | പ്രവർത്തനങ്ങൾ |
|---|---|
| ഹിന്ദി തെറ്റില്ലാതെ വായിക്കുന്നതിന്<br><br>തെറ്റില്ലാതെ എഴുതുന്നതിന്<br><br>ഹിന്ദി ആയാസരഹിതമാക്കുന്നതിന് | അക്ഷരങ്ങൾ വ്യക്തമാക്കുന്ന പ്രവർത്തനങ്ങൾ<br>അക്ഷരപരിചയം<br>ഉച്ചാരണം വ്യക്തമാക്കുന്നു<br>കൂടുതൽ വായിപ്പിക്കുന്നു<br>ചെറിയ കഥകൾ ചിത്രങ്ങൾ സഹിതം വായിക്കാൻ അവസരമൊരുക്കുന്നു.<br>വായിച്ച കഥകൾ, കവിതകൾ മാതൃഭാഷയിലാക്കുന്നു<br>അക്ഷരവ്യക്തത വരുത്തുന്ന കഥാരചന നടത്തുന്നു.<br>ഉപന്യാസങ്ങൾ, പ്രസംഗങ്ങൾ<br>ലേഖനങ്ങൾ എന്നിവ നടത്തുന്നു.<br>ഐ.സി.റ്റി. സാധ്യത പ്രയോജനപ്പെടുത്തി കൂടുതൽ കാണാനും കേൾക്കാനും അവസരമൊരുക്കുന്നു.<br>പാഠഭാഗം കൂടുതൽ<br>ആകർഷകമാക്കുന്നു.<br>ഹിന്ദി സിനിമകൾ കാണുന്നു.<br>ഹിന്ദി സാഹിത്യം - അഭിമുഖം<br>കവിതകൾ, കവികൾ പരിയപ്പെടുത്തുന്നു.<br>ക്വിസ് പ്രോഗ്രാമുകൾ<br>ഹിന്ദിയിൽ അസംബ്ലി<br>പ്രസംഗങ്ങൾ |

## പരിമിതികൾ പ്രശ്നങ്ങൾ

1. കമ്പ്യൂട്ടർ ലാബിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ഡസ്ക് ടോപ്പുകളോ ലാപ്പ്ടോപ്പുകളോ ഇല്ല.
2. വായനാമുറി ആവശ്യത്തിനു സൗകര്യങ്ങളോടെ വിപുലീകരിച്ചിട്ടില്ല.
3. മൾട്ടിമീഡിയ മുറി ഇല്ല
4. ഭാഷാ ലാബ് ഇല്ല
5. സ്ഥലസൗകര്യങ്ങളോടുള്ള സ്റ്റാഫ് റൂം ഇല്ല.
6. കല, കായികം ഇവ പരിശീലിപ്പിക്കുന്നതിന് അധ്യാപകരില്ല
7. കുട്ടികൾക്ക് കൗൺസലിംഗ് കൊടുക്കുന്നതിന് കൗൺസിലറുടെയും കൗൺസിലിംഗ് റൂമിന്റെയും കുറവ്.
8. ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി റിസോഴ്സ് പേഴ്സൺ, റിസോഴ്സ് റൂം ഇവ ഇല്ല.
9. ശില്പശാലകളും വിദഗ്ധരുടെ ക്ലാസ്സുകളും സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം ഇല്ല.
10. പ്ലസ്ടു സൗകര്യമില്ലാത്തത് കുട്ടികളുടെ എണ്ണത്തിൽ കുറവ് വരുത്തുന്നു.
11. വാഹന സൗകര്യം കുറവ് കുട്ടികളുടെ വരവിനെ ബാധിക്കുന്നു.

# പി.ടി.എ.

ശ്രീ. അലക്സ് കച്ചിറമറ്റം നെല്ലിയ്ക്കലിന്റെ നേതൃത്വത്തിലുള്ള പി.ടി.എ. സ്കൂളിന്റെ പാഠ്യപാഠ്യേതര മേഖലകളിൽ കൈത്താങ്ങും പിന്തുണയും നല്കിവരുന്നു. സജീവമായി പ്രവർത്തിക്കുന്ന പി.റ്റി.എ. മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ, എന്നിവ തിരിച്ചറിഞ്ഞ് മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തുന്നു. മാസത്തിലൊരിക്കൽ യോഗം വിളിച്ചുകൂട്ടി കുട്ടികളുടെ പഠനനേട്ടങ്ങൾ, എത്താതെ പോയ പഠനനേട്ടങ്ങൾ തുടങ്ങിയവയുടെ അവതരണം നടത്തുന്നു. എസ്.എസ്.എൽ.സി.യ്ക്ക് മികച്ച വിജയം നേടുന്നതിന് 10-ാം തരം വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ ഓരോ മാസത്തെയും പരീക്ഷകൾക്കു ശേഷം മേഖലകളായി തിരിച്ച് പി.ടി.എ. നടത്തുന്നു.

സ്കൂളിന്റെ ഓരോ പ്രവർത്തനഘട്ടിലും ഓണം, ക്രിസ്തുമസ്, വാർഷികം തുടങ്ങിയ ആഘോഷവേളകളിലും മേളകൾ, യുവജനോത്സവം, സ്പോർട്സ് തുടങ്ങിയവയിലും പി.ടി.എ. സജീവസാന്നിധ്യമായി നിലകൊള്ളുന്നു.

## തയ്യാറാക്കിയത്

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | : | ശ്രീ. ജോസ് ജേക്കബ് |
| സീനിയർ അസിസ്റ്റന്റ് | : | ശ്രീമതി ബിനി അഗസ്റ്റിൻ |
| SRG കൺവീനർ | : | ശ്രീമതി പ്രവീണ ആർ. നായർ |
| PTA പ്രസിഡന്റ് | : | ശ്രീ. ജോസ് നാടുകാണിയിൽ |
| MPTA പ്രസിഡന്റ് | : | ശ്രീമതി ബിൻസി പ്രദീപ് |

### അദ്ധ്യാപകർ

സി. ജെസി ജോസഫ് (HST, സോഷ്യൽ സയൻസ്)

സി. ദീപ്തി ജോസ് (HST, ഗണിതം)

ശ്രീമതി. ജിഷ ജി. പീടികമലയിൽ (HST, ഫിസിക്കൽ സയൻസ്)

ശ്രീമതി. സുസ്മി മാത്യു (HST, നാച്ചുറൽ സയൻസ്)

ശ്രീ. ബോബി കുര്യൻ (HST, ഇംഗ്ലീഷ്)

ശ്രീമതി സൽക്കല സെബാസ്റ്റ്യൻ (UPST)

ശ്രീമതി ജിന്റു മാത്യു (UPST)

ശ്രീമതി. മരീന ഫ്രാൻസീസ് (UPST)

### അനധ്യാപകൻ

ശ്രീമതി ഷീബ മരിയ എബ്രാഹം

ശ്രീമതി ആനീസ് ജോസഫ്

ശ്രീ. മാത്യു കെ. ജോസ്

## ഉപസംഹാരം

## സ്കൂൾ ക്യാമ്പസ് - പാഠപുസ്തകം

സമാനതകളില്ലാത്ത മികവിന്റെ വിദ്യാകേന്ദ്രമാണ് കുടക്കച്ചിറ സെന്റ് ജോസഫ്സ് ഹൈസ്കൂൾ വരുംതലമുറയ്ക്ക് ഒരു പാഠപുസ്തകമായി വിദ്യാലയത്തെ മാറ്റുന്ന വിധത്തിലാണ് മാസ്റ്റർ പ്ലാനിനെ വിചിന്തനം ചെയ്തിരിക്കുന്നത്. വിവിധയിനം പച്ചക്കറികളാലും പൂക്കളാലും ശലഭങ്ങളാലും ഹരിതാഭമായ കൃഷിയിടങ്ങളും ഉദ്യാനങ്ങളുമാണ് അടുത്ത സ്കൂൾ വർഷത്തെ വരവേൽക്കാനായി കാത്തിരിക്കുന്നത്. അതിനുവേണ്ടിയുള്ള ആദ്യപടികൾ സ്ഥലം കണ്ടെത്തൽ, വിത്തുശേഖരണം, സ്ഥലം ഒരുക്കൽ, വിത്തുപാകൽ എന്നിങ്ങനെ ഉറപ്പാക്കിക്കൊണ്ടിരിക്കുന്നത് കാർഷികരംഗത്തെ സ്വയം പര്യാപ്തതയുടെ പാഠങ്ങളായി കാണാം.

പൂക്കളാലും ശലഭങ്ങളാലും കീടങ്ങളാലും ഔഷധചെടികളാലും ജൈവ വൈവിധ്യ ഉദ്യാനങ്ങൾ നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ അറിവിനും കാഴ്ചയ്ക്കു മുപരി ആരോഗ്യവും ഉന്മേഷവും പകർന്നുനൽകുന്ന പാഠങ്ങളാണ്.

യുവജനോത്സവങ്ങളും, കായിക മാമാങ്കങ്ങളും കരാട്ടെ, യോഗ, തായ്ക്വണ്ട ശില്പശാലകൾ, സെമിനാറുകൾ, ചിത്രശാലകൾ, ലൈബ്രറി തുടങ്ങിയവ ശാരീരിക-മാനസിക-ആത്മീയ ശേഷികളെ ഉടച്ചുവാർത്ത് രൂപകല്പന ചെയ്യുമെന്ന തിൽ സംശയമില്ല.

സമൂഹവുമായുള്ള ബന്ധം വർദ്ധിപ്പിക്കുന്നതിലൂടെ പി.ടി.എ. ശക്തിപ്പെടു ത്തുന്നതിലൂടെ പൂർവ്വ അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകൾ ശക്തിപ്പെടുത്തുന്ന തിലൂടെ അറിവിന്റെയും പൈതൃകത്തിന്റെയും പുതുതലമുറയെ കൂട്ടിക്കൊണ്ടു പോകാൻ കഴിയും.

ലൈബ്രറി നവീകരണത്തിലൂടെ സ്മാർട് ക്ലാസ്സ് റൂമുകളിലൂടെ വിജ്ഞാനത്തിന്റെ പുതിയ വേദികൾ കുട്ടികൾക്ക് മുന്നിൽ തുറന്നിടാൻ കാരണമാകും. പ്ലാസ്റ്റിക് രഹിത ക്യാമ്പസ്സുകളും സഹപാഠികളുടെ കണ്ണീരൊപ്പാനുള്ള പദ്ധതികളും കരുണയുടെ മനുഷ്യസ്നേഹത്തിന്റെ ജീവിത പാഠങ്ങളായി മാറുന്നു.

കളിക്കളങ്ങളും ആഘോഷവേളകളും മത്സരപരീക്ഷകളും ജീവിതായോധനത്തിന്റെ പുതുപാഠങ്ങൾ വരും തലമുറയ്ക്ക് നൽകുക തന്നെ ചെയ്യും.

മാതാപിതാക്കളോടും അധ്യാപകരോടുമുള്ള സ്നേഹവും ആദരവും സഹപാഠികളോടും മുതിർന്നവരോടുമുള്ള പരിഗണനയും ഭാവിയിൽ ഈ വിദ്യാലയത്തിന്റെ പടിയിറങ്ങുന്ന കുട്ടികളെ നല്ല സമരിയാക്കാരാക്കുമെന്നതിൽ സംശയമില്ല. ഇങ്ങനെ പഠനകാലം-വിദ്യാലയകാലഘട്ടം ഒരു ദീർഘകാല-ആയുഷ്ക്കാല സമ്പാദ്യമാക്കി മാറ്റാനുള്ള ഒരു കൂട്ടം അധ്യാപകരുടെ പരിശ്രമമാണ് ഈ മാസ്റ്റർ പ്ലാനെന്ന് വിനീതമായി പറഞ്ഞുകൊണ്ട്.